


DETROIT MALAYALEE ASSOCIATION

www.dmausa.org


# DHWANI

# ധ്വനി


Vol. 11 | Issue -01 | Jan-April 2018



6
താപമാപിനിയിലെ രസത്തുള്ളികൾ
അനിത പണിക്കർ

11
നവോത്ഥാനത്തിന്റെ നാൽവഴികൾ
സുരേന്ദ്രൻ നായർ

21
നഷ്ടപ്പെട്ടവരുടെ ലോകം
സാംസി കൊടുമൺ

17
ഒരു ഡം ബല്ലും ശിവദാസ് മാഷും
കോശി മലയിൽ


39
ബലിക്കാക്ക
പ്രൊഫ. ബാലചന്ദ്രൻ

41
ഒരേ നാവിൽ നിന്നു ശാപവും അനുഗ്രഹവും
തോമസ് കുഴിക്കാല

INDUS FINANCIAL LLC

SERVING MICHIGAN SINCE 1998

Indus Financial
NMLS #: 1465652




**MOHAN PANANGAVIL**
NMLS #: 138021

**WE PROVIDE RESIDENTIAL AND COMMERCIAL MORTGAGE SERVICES. EXCELLENT RATES AND FAST CLOSING. VERY LESS PAPER WORK BECAUSE WE ARE ON CUTTING EDGE TECHNOLOGY WITH ELECTRONIC DOCUMENTATION. WE GIVE INSTANT PRE-APPROVAL LETTERS TO PROSPECTIVE HOME BUYERS. NO COST OPTIONS ARE AVAILABLE.**

**(734) 525 - 1234** **(248) 670-9044**

**www.indusfinancial1.com**

## About Us?

**Mohan Panangavil** began originating residential mortgages in Michigan since 1998. His long term experience in providing residential loans enables him in solving every loan situation, there is.

## Why Choose Us?

At Indus Financial, we have a dedicated team that loves what they do. Our dedication enables us to provide the Highest Level Customer Satisfaction and Experience.

Address: 1729 Fleetwood Dr, Troy, MI 48098

Email: indusfinancial@gmail.com

**EDITORIAL BOARD**
*Chief Editor:* Noble Thomas
*Senior Editor:* Surendran Nair
*Executive Editor:* Thomas Karthanal
*Content Editor:* Vinod Kondoor
*Associate Editor:* Akash Abraham
*Literary Editor:* Shalini Jayaprakash
*Sub Editors:* Mathew Cheruvil
Viji Kurup
Ajith Ayyampilly
Dinesh Lakshmanan

**OFFICE BEARERS**
*President*
Mohan Panangavil
*Vice President*
Toms Mathew
*General Secretary*
Sam Mathew
*Joint Secretary*
Tomy Moolan
*Treasurer*
Shibu Varghese
*Joint Treasurer*
Thomas George

**WOMENS FORUM:**
*Women's Forum President:* Smitha Abhilash
*Women's Forum Secretary:* Julie Mathew

**BOARD OF TRUSTEE**
*BOT Chairman:* Mathew Cheruvil
*Vice Chairman:* Paul P Kuriakose
*Secretary:* Rojan Thomas
*Current President:* Mohan Panangavil
*Ex-Officio:* Sajan George

**EXECUTIVE COMMITTEE**
Abhilash Paul
Ajith Ayyampilly
Amit Nair
Antony Manalel
Biju Joseph
Binu Mathew
Boby Thomas
Diaz Thomas
Dinesh Lakshmanan
George Vannilam
Gigi Paul
Joseph Mathew
Jules George Kalayil
Manoj Jaiji
Manoj K. Warrier
Mathew Cheruvil
Noble Thomas
Osborne David
Paul P. Kuriakose
Prashant Chandrasekar
Prince Abraham
Rajesh Kutty
Rajesh Nair
Rojan Thomas
Sajan George Elengikal
Sanju Koithara
Sreekumar Kambath
Sudarsana Kurup
Surendran Nair
Thomas Karthanal
Vinod Kondoor

# CONTENT

President's Message *Mohan Panangavil*. .... 2
എഡിറ്റോറിയൽ : *നോബിൾ തോമസ്* .... 3
താപമാപിനിയിലെ രസത്തുള്ളികൾ *അനിത പണിക്കർ*. .... 6
ഇഷ്ടം .... 5
*രവിവാരിയത്ത്*
മൺസൂൺമഴ.. .... 11
*സോയ നായർ ഫിലാഡൽഫിയ*
Achievements & awards .... 11
നവോത്ഥാനത്തിന്റെ നാൾവഴികൾ .... 13
*സുരേന്ദ്രൻനായർ*
ഒരു ഡം ബല്ലും ശിവദാസ് മാഷും... .... 17
*കോശി മലയിൽ*
നഷ്ടപ്പെട്ടവരുടെ ലോകം... .... 21
*സാംസി കൊടുമൺ*
പുതപ്പ് .... 25
*മഞ്ജു പി.*
ജോണി വാക്കർ .... 27
*ദീപക് റ്റി.ആർ.*
നാട്ടുവഴി ... .... 33
*ശ്രീജിത്ത് ശ്രീകുമാർ*
ബലിക്കാക്ക .... 39
*പ്രൊഫ. ബാലചന്ദ്രൻ*
ഒരേ നാവിൽ നിന്നു ശാപവും അനുഗ്രഹവും .... 41
*തോമസ് കുഴിക്കാല*
എന്തേ കുഞ്ഞുങ്ങളിങ്ങനെ? .... 44
*മനോജ് വാര്യർ*
Charity & Community Outreach Activities 2018 . .... 45
Gir Cow A2 Ghee the New Nectar! . .... 46
*Neema Mathew*
Tips To Sell Your House Fast . .... 46
*Sunil Paingol*
WAITING . .... 49
*Riya Rojan*
GUN CONTROL . .... 51
*Thomas Karthanal*
Detroit Malayalee.. Learn Malayalam! Learn Kerala! .... 52
Homemade Wine For A Healthy Heart . .... 51
*Reny Rojan*
Recipe . .... 57
*Sandhya Sreekumar*



# President's Message

**38** years is a commendable long time for any organization to stay in existence. Detroit Malayalee Association has already achieved that distinction and is still forging ahead with undiluted enthusiasm and purpose. As with any organization that has been around for so long, DMA too has had to weatherits set ofchallenges, both internal and external. But those challenges only made it stronger and determined to keep the UNITY and the PURPOSE of the association in focus. Here we are now in 2018, as a leading Non-Profit organization, not only in MI but in the entire USA. DMA's name has been mentioned as a model organization in many National level organizations, to emulate. As members of DMA we feel very proud to be part of this esteemed group.

I am honored to say that my last 29 years of association with DMAhas given my family and I, lifelong friendships and comraderies with an elite group of the Malayalee community in MI and around the country. It is my sincere hope to make it possible to pass on the same opportunity to our new members and to promote DMA'svision ***-"DMA strives to be an organization where current and future generations of Malayalees can express and celebrate their heritage together, and use that platform to engage and connect with their community - both locally and internationally in India - through various social and charitable activities, bringing our worlds closer together".*** I am proud to say that our entire team strives hard, on a regular basis, to achieve this vision. This year too we have severalsocial and outreach/ charity events planned.We have capable chair persons in our Executive Committee to lead these activities and make each of them a grand success.

We have been providing stage and an audience to many of our young and adult patrons in the community to show case their talents and abilities thru various functions like Onam celebrations, Xmas celebrations, Picnicand other social events. A band of energetic and extremely talented and intelligent Next Generation of our members is getting into leading DMA. I am confident that the vision of DMA is safe in their hands and they will be able to lead the organization to new and higher levels in the years to come.

I take this time to humbly request everyone to continue your patronage with DMA, help us to maintain its integrity and help further our mission of ***"preserving and celebrating the rich Malayalee culture with current and future generations through various social, cultural and charitable outreach activities, both locally and in India".***

***Mohan Panangavil (President)***



# മലയാളം
## നമ്മുടെ അഭിമാനം..

ആദി ദ്രാവിഡ ഭാഷയിൽ നിന്ന് ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ സ്വതന്ത്രമായി വികസിച്ചതാണ് മലയാളം. പതിനാറാം നൂറ്റാണ്ടിൽ തുഞ്ചത്ത് എഴുത്തച്ഛന്റെ കൃതികളോടെ മലയാളത്തിന്റെ തനതായ സാഹിത്യഭാഷ വികസിതമായി. ഇതിനു ശേഷമുള്ള കാലത്തെ മലയാളത്തിന്റെ ആധുനിക ഘട്ടമായി കണക്കാക്കപ്പെടുന്നു. ലോകത്താകമാനം ഏതാണ്ട് 6500ത്തിനടുത്ത് ഭാഷകളുണ്ടെന്നും, അതിൽ നമ്മുടെ മാതൃഭാഷയായ മലയാളം ആദ്യ മുപ്പതിലൊന്നാണെന്നും മനസ്സിലാക്കിയാലേ ഈ ഭാഷയുടെ പ്രാധാന്യം നമുക്കറിയാൻ പറ്റൂ. എന്നിരുന്നാലും മലയാളത്തിന് വേണ്ടത്ര പ്രാധാന്യം കിട്ടുന്നുണ്ടോ എന്ന കാര്യം സംശയമാണ്.

മലയാളത്തെ നെഞ്ചോട് ചേർത്തു വച്ച് ഗൃഹാതുരതയോടെ ഓർമ്മകൾ അയവിറക്കുന്ന നമ്മൾ പ്രവാസികളും മലയാളത്തിന് വേണ്ടത്ര പ്രാധാന്യം കൊടുക്കുന്നുണ്ടോ? പ്രവാസി മലയാളി രണ്ടാം തലമുറയിലെത്തുമ്പോൾ തന്നെ മാതൃഭാഷയായ മലയാളം മറക്കുന്നു.

“മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ, മർത്യന് പെറ്റമ്മ തൻഭാഷ താൻ” എന്ന മഹാകവി വള്ളത്തോളിന്റെ ഈ വരികൾ മാതൃഭാഷയുടെ തനിമയും മഹിമയും വിളിച്ചറിയിക്കുന്നു.

മിഷിഗണിലെ മലയാളികൾക്കിടയിൽ എല്ലാ സാംസ്കാരിക സാമൂഹിക കാര്യത്തിലും എന്നും പ്രഥമ സ്ഥാനത്ത് നിൽക്കുന്ന ഡിട്രോയിറ്റ് മലയാളി അസോസിയേഷൻ, മലയാളഭാഷ പഠത്തിനായി “ഡിട്രോയിറ്റ് മലയാളി” എന്ന ഒരു പ്രത്യേക ഭാഗം തന്നെ ഈ ലക്കം ധ്വനി മുതൽ ആരംഭിച്ചിരിക്കുന്ന. കുട്ടികൾക്ക് എളുപ്പത്തിൽ പറഞ്ഞു കൊടുക്കാവുന്ന രീതിയിലാണ് ഞങ്ങൾ ഇത് അവതരിപ്പിച്ചിരിക്കുന്നത്. ഇത് കുട്ടികൾക്കും മലയാളം വശമില്ലാത്ത മുതിർന്നവർക്കും ഒരു പോലെ ഉപയോഗപ്രദമാകുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്.


“അമ്പത്താറക്ഷരമല്ല
അമ്പത്തൊന്നക്ഷരവുമല്ലെന്റെ മലയാളം
മലയാളമെന്ന നാലക്ഷരവുമല്ല
അമ്മ എന്ന ഒരൊറ്റക്ഷരമാണ്
മണ്ണ് എന്ന ഒരൊറ്റക്ഷരമാണെന്റെ മലയാളം” എന്ന് കുഞ്ഞുണ്ണിമാഷ് പാടിയ പോലെ, നമ്മുടെ മലയാളം, നമ്മുടെ അമ്മയും, മണ്ണുമാണെന്നുള്ള തിരിച്ചറിവ് നമ്മൾ ഓരോ മലയാളികൾക്കും ഉണ്ടാവണം.

നമ്മുടെ കാലത്ത് മാത്രമല്ല, നമ്മുടെ വരുംതലമുറകളുടെ കാലത്തും, മലയാളത്തെ കാത്തു സംരക്ഷിക്കേണ്ട ചുമതല നമുക്കുണ്ട്. കേരളമെന്ന് കേൾക്കുമ്പോൾ മാത്രമല്ല, മലയാളമെന്ന് കേൾക്കുമ്പോഴും തുടിക്കണം ചോര നമ്മുടെ ഞരമ്പുകളിൽ.

സ്നേഹപൂർവ്വം

Noble Thomas

**നോബിൾ തോമസ്**
*ചീഫ് എഡിറ്റർ*





# BUILDING *BETTER* EVERY DAY

Proudly Exemplifies Mahindra's "RISE for Good" Initiative by Empowering the Communities in Which We Live and Work


Mahindra
MAHINDRA AUTOMOTIVE NORTH AMERICA

Mahindra Rise.


Mahindra
MISSION:
READY.
71-years in the making. Mahindra introduces ROXOR.
Ready to reach beyond what you thought possible.
ROXOROFFROAD.COM
© Mahindra Vehicle Sales and Service, Inc. All Rights Reserved.
ROXOR is a trademark owned by Mahindra Vehicle Sales and Service, Inc.
MAHINDRA
ROXOR
OFFROAD



# താപമാപിനിയിലെ രസത്തുള്ളികൾ



അനിത പണിക്കർ

'നാലടി മഞ്ഞുവീഴുമെന്നാണ് ഇന്നത്തെ കാലാവസ്ഥാ പ്രവചനം' ഭിത്തിയിൽ ഉറപ്പിച്ചിരിക്കുന്ന താപമാപിനിയിലേക്കു തുറിച്ചുനോക്കി വീൽചെയറിൽ ഇരുന്നുകൊണ്ട് സാറ പിറുപിറുത്തു. വീട്ടിനകത്ത് എഴുപതും പുറത്ത് പത്തും ഫാരൻഹീറ്റ് കാണിക്കുന്നുണ്ടതിൽ. താപമാപിനിയിലെ രസത്തുള്ളികൾ കാലാവസ്ഥാഭേദമനുസരിച്ച് പൊങ്ങുകയും താഴുകയും ചെയ്യുന്നു. ജീവിതവും മറിച്ചല്ലല്ലോ! ഓർമ്മച്ചീളുകൾ ഉടഞ്ഞുതിർക്കുന്ന കിരുകിരുപ്പിലേക്ക് മുഖം തിരിച്ചുകൊണ്ട് സാറ കണ്ണുകൾ ഇറുക്കി അടച്ചു.

'ദൈവമേ, ഉടനെ തൂത്തുവാരിക്കളഞ്ഞില്ലേൽ ഈ മഞ്ഞൊക്കെ ഐസാകുമേ... ആരെങ്കിലും അതേലെങ്ങാൻ തെന്നിവീണാൽ പിന്നെ, അതിന്റെ പുറകേ നടക്കേണ്ടി വരും. സ്നോ മാറ്റാൻ ആ പയ്യൻ വരുമോ പീറ്റർ? അവനെ ഒന്നു വിളിച്ച് വേഗം വരാൻ പറയൂന്നേ...' ബെഡ്റൂമിലേക്കു നോക്കിക്കൊണ്ട് സാറ മുറവിളി കൂട്ടി.

ടോമി സാറയെ മുട്ടിയുരുമ്മി നിന്ന് എന്തൊക്കെയോ ശബ്ദങ്ങൾ ഉണ്ടാക്കുന്നുണ്ട്. അവന്റെ വിശപ്പറിയിക്കുകയാവണം. ഇളയ മകൻ റയൻ, സാറയ്ക്കു സമ്മാനമായി കൊടുത്ത മികച്ച പരിശീലനം കിട്ടിയ പട്ടിയാണു ടോമി. ഒരു പ്രാവശ്യം വീൽ ചെയറിൽ നിന്ന് സാറ തെന്നി വീണപ്പോൾ ടോമി കുരച്ച് റയനെ വിളിച്ചുവരുത്തി. ടോമിയുടെ കഴുത്തിലെ ബെൽറ്റിൽ നിന്നും പോകുന്ന സിഗ്നൽ വഴി സന്ദേശം കിട്ടിയെന്നു മകൻ പിന്നീടു സാറയോടു പറഞ്ഞു.

ടോമിയുടെ ഇഷ്ടഭക്ഷണമായ എംബാർക്കിന്റെ കവർ തുറന്ന് പാത്രത്തിലേക്ക് കുറച്ചു കുടഞ്ഞിട്ടുകൊടുത്ത് വീൽചെയർ, ലിവിങ്ങ് റൂമിലെ ജനാലയുടെ അടുത്തേക്ക് മാറ്റിനിർത്തി, ജനാലത്തിരശീലകൾ ഇരുവശങ്ങളിലേക്കും വകഞ്ഞുമാറ്റി. മഞ്ഞിന്റെ വെള്ളത്തരികൾ പുറത്ത് ജനാലയുടെ ഗ്ലാസുകളിൽ അടരുകളായി പറ്റിപ്പിടിച്ചിരുന്ന് പുറത്തേക്കുള്ള കാഴ്ചകൾ അപ്പാടേ മറച്ചിരിക്കുന്നു. സാറ ജനാലയുടെ ഗ്ലാസ്സിൽ ആഞ്ഞുതട്ടി.

'ഹണീ, ഡോണ്ട് ഹർട്ട് യുവേർസെൽഫ്' പീറ്ററിന്റെ ശബ്ദത്തിന്റെ മുഴക്കം അവൾ കേട്ടു.

പീറ്ററിനു എല്ലാറ്റിനും വേണ്ടതിലേറെ ശ്രദ്ധയാണ്; സാറയുടെ കാര്യത്തിൽ പ്രത്യേകിച്ചും.

'നോ, ഐ വോണ്ട്' സാറ മറുപടി പറഞ്ഞു.

ജനാലയിൽനിന്നു കുറെ മഞ്ഞുപാളികൾ താഴേയ്ക്ക് അടർന്നു വീണു. മുറിക്ക് പുറത്തുള്ള ലോകത്തിന്റെ ഒരുതുണ്ട് ജനാലക്കപ്പുറം തെളിഞ്ഞു. ബോധസിരകളിൽ ഞാന്നുകിടന്ന മഞ്ഞ് മാറാലകളുടെ വിടവിലൂടെ അരിച്ചിറങ്ങിയ വെളിച്ചം സാറയെ വല്ലാതെ തളർത്തി. അവൾ ജനാലയിലേക്ക് അവശതയോടെ തലചായ്ച്ചു.

ബ്രൂക്ക്ലിനിലെ ഹബ്ബാർഡ് സ്ട്രീറ്റിലെ

ഈ പത്താം നമ്പർ വീട്ടിലേക്കു താമസം മാറിയിട്ട് വർഷങ്ങൾ എത്രയായിട്ടുണ്ടാവും? നാൽപതിൽ കൂടുതൽ. അത്രയേ സാറയ്ക്ക് ഓർത്തെടുക്കാൻ പറ്റുന്നുള്ളൂ. 'ഈ വീടിന്റെ ഹൃദയമാണീ ജനാല' പീറ്റർ പറയാറുള്ളതു സാറയുടെ ചെവികളിൽ മുഴങ്ങി. ജനാലയിലേയ്ക്ക് അവൾ വീൽചെയർ കൂടുതൽ അടുപ്പിച്ചു. ഈ ജനാലയിലൂടെ നോക്കിയാൽ അധികം തിരക്കില്ലാത്ത ഹബാർഡ് സ്ട്രീറ്റും, തൊട്ടടുത്ത പാർക്കും കാണാം. ഇതിലൂടെ ആയിരുന്നു റീനയും, റീത്തയും, റയനും കുഞ്ഞായിരുന്നപ്പോൾ കൈയ്യെത്തി പിടിച്ച് തലപൊക്കി നിന്നു കണ്ണുകൾ വിടർത്തി, പുറത്തെ കാഴ്ചകൾ കണ്ടുകൊണ്ടിരുന്നത്; ഇപ്പോൾ സാറയും.

സാറയുടെ പരാതികളും പരിഭവങ്ങളും കേട്ടു ജീവൻ വെച്ചുപോയോ എന്നുതോന്നിക്കുമ്പോലെ, അവൾ അടുത്തേക്കു വരുമ്പോൾ തന്നെ ജനാലത്തിരശീലകൾ അവളെ വന്നുപൊതിയുന്നു. 'ഒരുനാൾ ഇതു നിന്നെ അതിന്മേൽ ഇരുത്തി കടത്തിക്കോണ്ടു പോകുമോന്നാ എന്റെ പേടി' പീറ്റർ ഒരിക്കൽ സാറയെ കളിയാക്കി.

എട്ടു വർഷത്തോളമായി സാറ വീൽ ചെയറിലായിട്ട്. നഴ്സിങ്ങ് ജോലിക്കിടയിൽ ആശുപത്രിയിൽ വച്ച് ഒരു രോഗിയുടെ തള്ളുകൊണ്ട് വീണപ്പോൾ നട്ടെല്ലിനുണ്ടായ ക്ഷതമാണ് അവളെ വീൽച്ചെയറിലാക്കിയത്. പിന്നീട് ശ്വാസകോശങ്ങൾ തകരാറിലുമായി. ഓക്സിജൻ സിലിണ്ടർ ഘടിപ്പിച്ചിട്ടുള്ള ഈ വീൽച്ചെയറാണു സാറയുടെ ഇപ്പോഴത്തെ ഉറ്റ ചങ്ങാതി. ശ്വാസകോശങ്ങൾ പണിമുടക്കുമ്പോൾ പ്രാണവായു നൽകി സാറയുടെ ജീവൻ നിലനിർത്തുന്നത് ഇതാണ്.

വീൽച്ചെയറിലായ സാറയെ പരിചരിക്കാൻ പീറ്റർ ആരെയും അനുവദിച്ചില്ല. പീറ്റർ സാറയെ വീൽച്ചെയറിൽ നിന്നും പൊക്കിയെടുക്കുമ്പോൾ സാറ കൊച്ചുകുട്ടികളേപ്പോലെ കുലുങ്ങിച്ചിരിക്കും. 'നീ ഇപ്പോഴും ഇരുപതിൽത്തന്നെ എന്റെ കൊച്ചു സുന്ദരീ' എന്നു പറഞ്ഞ് സാറയുടെ കവിളിൽ തട്ടും പീറ്ററപ്പോൾ.

പീറ്ററില്ലായിരുന്നുവെങ്കിൽ തന്റെ ജീവിതം പല കൈവഴികളായി ഒഴുകിത്തീരുമായിരുന്നു എന്ന് സാറ ഓർക്കാറുണ്ട്. അപ്പൻ അവൾക്കായി വരനെ കണ്ടുവെന്നും വീട്ടുകാർ കല്യാണം ഉറപ്പിച്ചെന്നുമറിഞ്ഞപ്പോൾ പീറ്ററാണു പറഞ്ഞത് നമുക്ക് റജിസ്റ്റർ വിവാഹം ചെയ്യാം എന്ന്. ഒരു ഇന്ത്യൻ കുടിയേറ്റക്കാരിയെ കെട്ടാൻ ഒരു വെളുത്ത അമേരിക്കൻ സുന്ദരന് എന്താ വട്ടാണോ, അദ്യത്തെ ആവേശമൊക്കെ തീരുമ്പൊൾ അവൻ നിന്നെ കളഞ്ഞ് മറ്റു വല്ലവരുടേയും പിറകെ പോകും, എന്നൊക്കെ സാറയുടെ കൂടെ നേഴ്സായി ജോലിചെയ്തിരുന്ന പലരും പറഞ്ഞിരുന്നു. പക്ഷെ പീറ്ററിനെ സാറ വിശ്വസിച്ചു.

കല്യാണം കഴിഞ്ഞ് ഒരിക്കൽ മാത്രം പീറ്ററുമായി സാറ തറവാട്ടിലേക്കു പോയി. കുട്ടികൾ ഉണ്ടാവുന്നതിനു മുൻപായിരുന്നു അത്. ആ യാത്രയുടെ കയ്പ് അവളുടെ നാവിൽ ഇപ്പോഴും തുടിച്ചുനിൽക്കുന്നു. മുറതെറ്റാതെ അയച്ചു കൊടുത്തിരുന്ന ഡ്രാഫ്റ്റുകൾ ഇടയ്ക്കൊന്നു മുടങ്ങിയതിന്റെ പഴികൾ വേറെയും.

കുട്ടികൾ മമ്മായുടെ നാടുകാണാൻ പോകണം എന്നു എല്ലാ സ്കൂൾ അവധിക്കും ആവശ്യപ്പെടുമായിരുന്നു. അവരുടെ കുഞ്ഞു മനസ്സു നീറ്റാൻ ഇഷ്ടമില്ലാതിരുന്നതു കൊണ്ട് ഓരോ കാരണങ്ങൾ പറഞ്ഞ് ആ യാത്ര നീട്ടി വെച്ചുകൊണ്ടിരുന്നു. കുട്ടികൾക്ക് മൂവർക്കും ഇപ്പോൾ മക്കളുമായി. കൊച്ചുമക്കൾ വേണങ്കിൽ ഗ്രാൻമായുടെ തറവാടു തപ്പിപ്പോകട്ടെ എന്നു സാറ ഇടക്കൊക്കെ ഓർക്കാറുണ്ട്.

'പീറ്റർ, എനിക്കൊരു ചായ തരുമോ?' ജനാലയിൽ നിന്ന് തലതിരിച്ച്, കിടപ്പുമുറിയിലേക്കു നോക്കി സാറ വിളിച്ചു ചോദിച്ചു.

'ഓ! ഇങ്ങിനെയുണ്ടോ ഒരു ഉറക്ക ഭ്രാന്ത്..' അവൾ തെല്ലുറക്കെത്തന്നെ പിറുപിറുത്തു.

'ഐ ആം മേക്കിങ്ങ് യു എ ബ്രേക്ക് ഫാസ്റ്റ്, മിസിസ്സ് ഹെൻസ്ലി' അടുക്കളയിൽ നിന്നും വന്ന പെൺശബ്ദം ആരുടെയെന്നറിയാതെ സാറ കുഴങ്ങി.

'ഹൂ ആർ യു?' സാറ ചോദിച്ചു.

അടുക്കളയിൽ നിന്നും തല പുറത്തേയ്ക്ക് കാട്ടി അവൾ പറഞ്ഞു.. 'ഐ ആം ആബി' അനിഷ്ടത്തോടെ സാറ മുഖം തിരിച്ചു.

സാറയെ പരിചരിക്കാൻ ഒരു ഏജൻസി വഴി ഇടപാടു ചെയ്തിരിക്കുന്ന ഹോംനേഴ്സാണു ആബി. പീറ്ററിന്റെയും തന്റെയും ഇടയിൽ മറ്റാരും വേണ്ട എന്നു പലയാവർത്തി റയനോടു പറഞ്ഞിട്ടും അവൻ അനുസരിക്കുന്നില്ലല്ലോ എന്നോർത്തപ്പോൾ സാറയ്ക്ക് സങ്കടം വന്നു. ഈയിടെയായി അസിസ്റ്റന്റ് ലിവിംഗ് കമ്യൂണിറ്റിയെപ്പറ്റിയാണ് അവന്റെ സംസാരം എന്നോർത്ത് സാറയ്ക്ക് സങ്കടത്തോടൊപ്പം ദേഷ്യവും വന്നു. അവിടെ സമപ്രായക്കാരുണ്ടത്രേ! സംസാരിക്കാം കൂട്ടുകൂടാം, പല ആക്റ്റിവിറ്റീസിലും പങ്കെടുക്കാം, സമയം പോകുന്നത് അറിയുകയേ ഇല്ല, എന്നൊക്കെയാണ് അവന്റെ ഭാഷ്യം.

'അതൊക്കെ ആരും ഇല്ലാത്തോർക്കല്ലേ മോനേ? മരണംവരെ ഞാനും നിന്റെ ഡാഡും ഈ വീട്ടിൽ തന്നെ താമസിച്ചോളാം.' സാറയുടെ മറുപടി എന്നും ഒന്നുതന്നെ ആയിരുന്നു.

റയനും ഭാര്യയും കുട്ടികളും താമസിക്കുന്നത് അടുത്തുതന്നെയാണ്. റീനയുടെയും, റീത്തയുടെയും താമസം അടുത്തെങ്ങും അല്ലാത്തതുകൊണ്ട് മമ്മയെ നോക്കാൻ അവർ അനിയനെയാണ് ഏല്പിച്ചിരിക്കുന്നത്.

'മിസിസ്സ് ഹെൻസ്ലി, യുവർ ബ്രേക്ക് ഫാസ്റ്റ് ഈസ് റെഡി' ആബി ഡൈനിഗ് റൂമിൽ നിന്നു വിളിച്ചു പറഞ്ഞു.

'ക്യാൻ യൂ കോൾ പീറ്റർ ടൂ? ഈസ് ഹി സ്റ്റിൽ സ്ലീപ്പിങ്ങ്?' ജനാലയിൽ പിടിച്ചുകൊണ്ട് തല ഉയർത്താതെ സാറ ചോദിച്ചു.

'ലോഡ്, ദിസ് ലേഡി ഈസ് ക്രേസി!' ആബിയുടെ ആത്മഗതം അല്പം ഉറക്കെ ആയിപ്പോയി. സാറ അതു കേട്ടു.

'യേസ്, ഐ ആം ക്രെയ്സി. ഐ ഡോണ്ട് നീഡ് യുവർ ഹെല്പ്' സാറ വീൽച്ചെയർ കിടപ്പുമുറിയിലേയ്ക്ക് തിരിച്ചു. കിടക്കയിൽ തട്ടിക്കൊണ്ടവൾ പറഞ്ഞു 'പീറ്റർ, ഗെറ്റപ്പ് ..ഗെറ്റപ്പ് പീറ്റർ'.

'ഓ.. ഹീ ഈസ് നോട്ട് ഹിയർ. എവിടെപ്പോയി? വേർ ആർ യൂ പീറ്റർ?' അവൾ വീൽച്ചെയർ അതേ വേഗത്തിൽ ബാത്ത്റൂമിലേക്കുരുട്ടി. ബാത്ത്റൂമിന്റെ കതകിൽ തട്ടി ശബ്ദം ഉണ്ടാക്കിയ വീൽച്ചെയറിനെ ശപിച്ചു കൊണ്ടവൾ വീണ്ടും വിളിച്ചു 'വെയർ ആർ യൂ ഡിയർ? പീറ്റർ...'

കതകിലുടക്കി വീൽച്ചെയറിലെ ഓക്സിജൻ സിലിണ്ടർ തെന്നുകയും, വീൽചെയർ ചെരിഞ്ഞു വീഴുകയും, സാറയുടെ തല കതകിൽ ചെന്നിടിക്കുകയും ചെയ്തു. സാറയ്ക്ക് ശരീരം തളരുന്നപോലെയും തണുത്ത ഒരു നുരുനുരുപ്പ് ശരീരത്തിലെമ്പാടും പടർന്നുകയറുന്നതുപോലെയും തോന്നി. അവൾ ഒരു മയക്കത്തിലേയ്ക്ക് വീണു.

നെറ്റിയിൽ നനവ് പടരുമ്പോൾ സാറ കണ്ണുകൾ തുറക്കുവാൻ ശ്രമിച്ചു. ഓർമയുടെ മാറാലകൾക്കിടയിലൂടെ നുഴഞ്ഞിറങ്ങി വന്ന സർപ്പങ്ങൾ ഫണമാട്ടി, കൊത്തുവാൻ തുടങ്ങിയപ്പോൾ അലറിവിളിച്ചു കൊണ്ട് സാറ അഗാധതയിൽ നിന്നു തന്റെ കണ്ണുകൾ വലിച്ചു തുറന്നു. റയന്റെ കലങ്ങിയ കണ്ണുകളിലാണ് ആ നോട്ടം ചെന്നു തടഞ്ഞു നിന്നത്.

'ഓ മമ്മാ, ആർ യു ഓൾറൈറ്റ്? ഹോസ്പിറ്റലിൽ പോകണോ മമ്മാ?'

'നോ നോ.. ഐ ആം ഓൾറൈറ്റ്. ഞാനെങ്ങനെ ഇവിടെ കട്ടിലിൽ എത്തി?'

'ബോധമറ്റു കിടന്ന മമ്മായെ ഞാനും ആബിയും കൂടി പൊക്കിയെടുത്താണു കട്ടിലിൽ കിടത്തിയത്'

'മമ്മാ, മമ്മാ പിന്നെയും ഡാഡിനെ തിരയുകയായിരുന്നു അല്ലേ?'

സാറയുടെ കണ്ണുകൾ മുറിയാകെ പരതുകയായിരുന്നു അപ്പോഴും.

'മമ്മാ, ഡാഡ് ഈസ് നോ മോർ'

'ഡാഡ് മരിച്ചിട്ട് ഇപ്പോൾ ഒരു വർഷമാവുന്നു. മരിച്ചയാൾ തിരിച്ചുവരുമോ? മമ്മാ, പ്ലീസ് അക്സെപ്റ്റ് ദ് റിയാലിറ്റി'

റയൻ പറഞ്ഞതൊന്നും ഉൾക്കൊള്ളാനാവാതെ അവന്റെ കണ്ണുകളിലേക്ക് തുറിച്ചു നോക്കിക്കൊണ്ട് സാറ കിടന്നു. പ്രാ

ണവായു മാസ്കിന്റെ സഹായത്തോടെ ശരീരത്തിലേക്കു കയറുന്നതിനാൽ ആയാസമില്ലാതെ ശ്വസിച്ചുകൊണ്ട് അവൾ റയന്റെ കൈകളിൽ പിടിച്ചു.

'തനിച്ചിവിടെ ഈ വീട്ടിൽ താമസിക്കേണ്ട എന്ന് എത്ര പറഞ്ഞാലും മമ്മാ കേൾക്കില്ല. എന്റെ കൂടെ വന്നു താമസിക്കൂ മമ്മാ' റയൻ സാറയുടെ മുടിയിൽ തലോടിക്കൊണ്ടു പറഞ്ഞു.

സാറയുടെ മുഖത്ത് മിന്നിമറയുന്ന വികാരവിചാരങ്ങളെ വായിച്ചെടുക്കാൻ റയാൻ വൃഥാ ശ്രമിച്ചു. ഓർമയുടെയും ഓർമ്മക്കുറവിന്റെയും നൂൽപ്പാലത്തിലൂടെ തലങ്ങും വിലങ്ങും നടന്നുകൊണ്ടിരിക്കുന്ന മമ്മായുടെ മനസ്സിനെ, മമ്മായ്ക്ക് പോലും വായിക്കാൻ പറ്റുന്നില്ല എന്നു റയനു നന്നായി അറിയാമായിരുന്നു.

പെട്ടെന്ന് എന്തോ ഓർത്തിട്ടെന്നപോലെ, റയന്റെ കൈകളിൽ അമർത്തിക്കൊണ്ട് സാറ പറഞ്ഞു:

'റയൻ, ആ താപമാപിനിയിൽ പുറത്തെ ടെംപറേച്ചറെത്രയാന്ന് ഒന്നു നോക്കിയിട്ടു വരുമോ?'

'സ്നോയാണു മമ്മാ. നല്ല തണുപ്പുണ്ട്. ബിലോ സീറൊയാവും' റയൻ ഫാമിലി റൂമിലെ ഭിത്തിയിൽ ഘടിപ്പിച്ചിരിക്കുന്ന താപമാപിനിയുടെ അടുത്തേക്കു നടന്നുകൊണ്ടു പറഞ്ഞു.

'സീറോ ആണു മാ' താപമാപിനിയിൽ നോക്കിക്കൊണ്ടു റയൻ ഫാമിലി റൂമിൽ നിന്നു വിളിച്ചുപറഞ്ഞു.

'സീറോ' നീണ്ടൊരു നിശ്വാസം സാറയിലൂടെ ഊർന്നുപോയി!

'റയൻ, നീ അന്നുപറഞ്ഞ അസിസ്റ്റഡ് ലിവിങ് കമ്യൂണിറ്റി മതി'

'അതാണു മമ്മാ നല്ലത്.' റയന്റെ മുഖത്ത് ആശ്വാസത്തിന്റെ നേരിയ പുഞ്ചിരി പടർന്നു.

റയൻ ഭാര്യയെ വിളിച്ച് അസിസ്റ്റഡ് ലിവിങ് ആഫീസിന്റെ അഡ്രസ്സും ഫോൺ നമ്പറും ചോദിക്കുന്നതു കേട്ടുകൊണ്ടു സാറ കിടന്നു.

'മമ്മാ, ഞാനൊരു ഫോൺ ചെയ്തിട്ട് ഉടനെ വരാം.' റയൻ പടികളിറങ്ങുന്ന ശബ്ദം അകന്നുപോവുന്നതു കേട്ടുകൊണ്ട് സാറ തന്റെ അരുകിൽ കിടക്കുന്ന വീൽച്ചെയറിലേക്കും ചുവരിലെ ചില്ലിട്ട ഫാമിലി ഫോട്ടോകളിലേക്കും മാറിമാറി നോക്കി. ഓരോ ചില്ലുപടങ്ങൾക്കുള്ളിലും ഒരായിരം ജീവിതനിമിഷങ്ങൾ തലങ്ങും വിലങ്ങും ഓടിത്തളരുന്നതവൾ കണ്ടു. ഓർമ്മയുടെ നേരിയ തിരിവെട്ടത്തിൽ മുഖം പൂഴ്ത്തി സാറ നിലവിളിച്ചു പീറ്റർ, നീ എന്റെ കൂടെത്തന്നെ ഉണ്ടെന്ന് ഇവരോടു പറയൂ. ഈ വീടിന്റെ ഓരോ മുക്കിലും മൂലയിലും എനിക്കു നിന്നെ കാണാം. നീ നിറഞ്ഞു നില്ക്കുന്ന ഈ വീടു വിട്ട് എനിക്കെങ്ങനെ പോകാൻ കഴിയും ദൈവമേ.. എന്നെ തനിച്ചാക്കി നീ എന്തിനു പോയി?

സാറയുടെ ശരീരത്തിലെ ഓരോ ഞരമ്പും ആ നിലവിളി ഏറ്റുവാങ്ങി. ശ്വാസകോശം കൂടുതൽ പ്രാണവായുവിനായി മുറവിളി കൂട്ടി. മുഖത്തെ ഞരമ്പുകൾ വലിഞ്ഞുമുറുകി. ഒരു പിടച്ചിൽ! മുഖത്തെ ഓക്സിജൻ മാസ്ക് തെന്നി താഴേക്കുവീണു. മാസ്ക് മുഖത്തേക്ക് തിരിച്ചടുപ്പിക്കാൻ ശ്രമിക്കുന്തോറും സാറയുടെ കൈകൾ തളർന്നു കൊണ്ടിരുന്നു.


അവളുടെ ഹൃദയത്തുടിപ്പുകൾക്കു ഭാരമേറി. അവ രസത്തുള്ളികളേപ്പോലെ പൊങ്ങിയും താണും പടർന്നും ചിതറി.

ശരീരത്തിലവശേഷിച്ച മുഴുവൻ ശക്തിയും എടുത്ത് പ്രാണവായു അകത്തേയ്ക്ക് വലിക്കുവാൻ അവൾ കിണഞ്ഞു ശ്രമിച്ചു. ആ വായുവിൽ അസാധാരണമാംവിധം സാന്ദ്രത മുറ്റി നിൽക്കുന്നതവൾ അറിഞ്ഞു.

ദൂരെ, ജാലകത്തിനപ്പുറത്തെ മഞ്ഞുമലകളിൽ പീറ്ററിന്റെ മുഖം സാറയുടെ കണ്ണുകളിൽ തെളിഞ്ഞുവന്നു. ഒരു മഞ്ഞുകാല നിലാവിന്റെ സുതാര്യതയോടെ അവൻ ജാലകച്ചില്ലുകൾ ഭേദിക്കാതെ അകത്തേക്കു കടന്നുവന്നു. അവനിലേക്ക് ഊർന്നിറങ്ങിയ അവളെ നെഞ്ചോടു ചേർത്ത് പറന്നകലുമ്പോൾ ബ്രൂക്ക്ലൈനിലെ ഹബാർഡ് സ്ട്രീറ്റിലേക്കൊരു ആംബുലൻസ് നിലവിളിയോടെ പാഞ്ഞടുക്കുന്നുണ്ടായിരുന്നു.







# ഉള്ളം

രവിവാരിയത്ത്

എന്താ.... അറിയൊ.

ദീപാരാധനയുടെ തിരക്കിനിടയിൽ എന്റെ പിന്നിൽ നിന്നും ആരോ ചോദിക്കുന്നതു കേട്ടു.

ഞാനൊന്ന് തിരിഞ്ഞു നോക്കി.

ഒരു നനുത്ത ചിരിയോടെ ഒക്കത്തൊരു കുട്ടിയുമായി ശാരദയുണ്ട് പിന്നിൽ നിൽക്കുന്നു.

അത് എന്റെ കൂട്ടുകാരി ആയിരുന്ന ശാരു തന്നെയാണെന്ന് തിരിച്ചറിയാൻ എനിക്കു ഏതാനും നിമിഷങ്ങൾ വേണ്ടിവന്നു.

ശാരു ആകെ മാറിയിരിക്കുന്നു.

ഞാനപ്പോൾ പറഞ്ഞു.

ഇത് നല്ല ചോദ്യായിട്ടൊ. അറിയാതാവൊ എനിക്ക് ശാരൂനെ... എന്നാ പറന്നിറങ്ങീത്. നാട്ടിൽ വരുമ്പോഴൊക്കെ ഞാൻ അന്വേഷിക്കാറുണ്ട്. ഒന്ന് കാണണമെന്ന് തോന്നാറുമുണ്ട്.

ഒക്കത്തിരിക്കുന്ന കുട്ടിയുടെ വികൃതി കൊണ്ട് സ്ഥാനം തെറ്റിയ സാരി മുകളിലേക്ക് തന്നെ വലിച്ചിട്ടുകൊണ്ടു ശാരു പറഞ്ഞു.

എനിക്കും... ഹരിയേട്ടന് സുഖാണലോ. ഇപ്പോഴും ബോംബെയിൽത്തന്നെ അല്ലെ. ഓ... ഞാനൊക്കെ അവിടത്തന്നെ. ശാരൂന് എന്താ പറ്റീത്. ആ പഴയ തടിയൊക്കെ പോയീലൊ. വല്ലാതെ മെലിഞ്ഞിരിക്കുണു. സാധാരണ ദുബായ്ക്കാരൊക്കെ വരണത് തടിച്ചുരുണ്ടിട്ടാവൂലൊ. അതോണ്ട് ചോക്ക്യാട്ടൊ.

അത്... ഹരിയേട്ടാ ദുബായ് എനിക്ക് പിടിക്കിണില്യ. എനിക്കിഷ്ടം ഇപ്പോഴും ബോംബെതന്നെട്ടൊ.

പക്ഷെ അറിയാലൊ. നിവർത്തിയില്ലാഞ്ഞിട്ടായിരുന്നു. വീട്ടിലെ കാര്യങ്ങളൊക്കെ ഹരിയേട്ടന് അറിയാത്തതല്ലല്ലോ... ആ...

അതൊക്കെ പോട്ടെ. ഒക്കെ എന്റെ വിധിയാണ്.

ഹരിയേട്ടന്റെ കല്യാണം...

ഞാൻ വെറുതെയൊന്ന് ചിരിച്ചു. ഓർമ്മകളിൽ നഷ്ടസ്വപ്നങ്ങൾ ചിതറിതെറിച്ചു. ആ വിഷയം മാറ്റാനായി ഞാൻ ചോദിച്ചു.

ശാരൂന് ഒരു കുട്ട്യേള്ളൂ... അതൊ

അതെ. ഒരു കുട്ടി.

ഒക്കത്തിരിക്കുന്ന കുട്ടിയുടെ മുടിയിഴകളിൽ തലോടി ഞാൻ വീണ്ടും ചോദിച്ചു.

എന്താ പേര്.

ശാരു കുട്ടിയെ ഒരുകൂടി മാറോട് ചേർത്ത് കവിളിലൊരുമ്മ കൊടുത്തു കൊണ്ടുപറഞ്ഞു. ഒരു ഗദ്ഗദത്തോടെ.

ഹരി

പിന്നെ നിറഞ്ഞ കണ്ണുകൾ തുടച്ച് ശാരു തിരക്കിനിടയിലേക്ക് നടന്നു.

ദീപാരാധന കഴിഞ്ഞിരിക്കുന്നു. ഞാനും നടന്നു. മനസ്സിലൊരു തേങ്ങലോടെ ഒരു വിങ്ങലോടെ.

# Leon's Flooring Outlet

**Flooring From A to Z**



*Freshen up your home for the new year!*

## $675 Whole House of Carpet!

Materials, Pad and Labor!
3 bedrooms, living room & hallway
(Size restrictions may apply)
Carpet rip up and move furniture extra



## 0% Financing
## NEXT DAY INSTALLATION

32104 Plymouth Rd • Livonia, MI 48150

**734-466-3000**

Hours: Mon - Fri 10-8 • Sat 10-6 • Sun Closed

**Laminate**

$1.99 sq. ft.

Material, Pad and Labor
5" wide, 12 mm thick
Engineered Wood
Hickory and Oak
Lifetime structural warranty
Cannot be used with any other offers
while supplies last
Expires 7/15/18

**39¢ sq. ft.**

Mohawk sheet vinyl
4 mm thick
(with installation only)
10 year warranty
Cannot be used with any other offers
Expires 7/15/18

**$300 OFF**

Purchase of $1,000 or more

OR

**$150 OFF**

Purchase of $500 or more
With purchase and installation of any hard surface.
Cannot be used with any other offers.
Expires 7/15/18

www.leonsflooring.com

# മൺസൂൺമഴ..



ഒരു മഴപെയ്തെങ്കിലെന്ന് ആശിച്ച്
ചൂടുകാലത്തിന്റെ അസ്ഥികൂടങ്ങൾ.
വറ്റിയ കിണറിലെ
ഒടുവിലെ തുള്ളിക്കായി
താഴേക്കിറങ്ങുന്ന കയറിഴപ്പാളികൾ.
ഉഷ്ണസ്പർശനമേറ്റ്
വിണ്ടൽ രോഗവുമായ്
ഭൂമിയുടെ നേർരേഖകൾ.
ജലവുമായി പ്രണയം കൊതിച്ച്  ഉമിനീർഗ്രന്ഥികൾ..
വേനൽനിവേദനങ്ങൾക്ക്
തീർപ്പുമായ് ഒടുവിലവൾ
മൺസൂണിൻ മൊഞ്ചുമായ്
പലതുള്ളികളായ് പെയ്തിറങ്ങവെ
സസ്യാസ്ഥികൂടങ്ങൾ തളിർത്തു,
ജീവജലം തേടി താഴേക്കിറങ്ങിപോയ
കയറിഴപ്പാളികൾ മുങ്ങി മരിച്ചു
വിണ്ടൽരോഗിയായ ഭൂമിരേഖകൾ
മണ്ണിന്റെ സ്വപ്നങ്ങളും തകർത്ത്
പുഴകൾക്കു മീതെ ഒഴുകി
ഉമിനീർഗ്ഗ്രന്ഥികൾ പ്രണയിച്ച് പ്രണയിച്ച്
ഉദരത്തിലൊരു തടാകം സൃഷ്ടിച്ചു
പാതയോരങ്ങളിൽ, വീടുകളിൽ,
പാടങ്ങളിൽ
അവൾ നിറഞ്ഞു നിന്ന്
പെയ്തപ്പോൾ
പലഹൃദയങ്ങളിൽ, ആ ഒഴുക്കുകളെ തടഞ്ഞുനിർത്താൻ
കഴിയാത്തൊരു വലിയൊരൊഴുക്കായി
മൺസൂണിന്റെ മണമുള്ള
കണ്ണീർമഴ പടർന്നിറങ്ങുന്നുണ്ടായിരുന്നു..



**സോയ നായർ**
**ഫിലാഡൽഫിയ**

# ACHIEVEMENTS & AWARDS



At the recently held **2018 WXYZ-Scripps Spelling Bee** contest, Aditya Kutty was placed second among 60 kids that took part from all over Michigan. Aditya is a seventh grader at East Middle School in Plymouth Canton School District.

Aditya stated that he enjoyed the experience and is looking forward to future success. He was thankful for the opportunity to represent East Middle School.


---

In addition, Aditya Kutty also won the 2nd place for Public Speaking contest held by **Brewing Excellence** at Salem High School in Plymouth.



# spillane&reynolds
## orthodontics

CREATING AMAZING SMILES



**Share your Amazing Smile with the World.**

#AmazingSmile @SpillaneReynoldsOrtho

**Dr. Lawrence Spillane** DDS, MS
**Dr. James Reynolds** DDS, MS, ABO
**Dr. Andrea Dopp** DDS, MSD


**NOVI:**
45500 Ten Mile Road
Novi, MI 48374
248.826.2250

**ROCHESTER:**
1202 Walton Blvd / Suite 200
Rochester Hills, MI 48307
248.651.8860

**WEST BLOOMFIELD:**
4301 Orchard Lake Rd.
West Bloomfield, MI 48323
248.344.8400

(Complimentary Consultations)
**www.MyAmazingSmile.com**

# നവോത്ഥാനത്തിന്റെ നാൾവഴികൾ



സുരേന്ദ്രൻനായർ

പുരാവൃത്തങ്ങളിലഭിരമിച്ച് പുരോഗമനം പ്രസംഗിക്കുന്ന മലയാളി കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളിലായി ആർജ്ജിച്ച സാമാന്യ പുരോഗതിയിൽ നിന്നും അതിവേഗം പുറകോട്ടു നടക്കുന്ന ദാരുണമായ യാഥാർത്ഥ്യം സ്വയം കാണുന്നില്ല. ഒരു സമൂഹത്തിന്റെ നവോത്ഥാനം ആന്തരികമായും ബാഹ്യമായുമുണ്ടാകുന്ന ഇടപെടലുകൾ കൊണ്ടാണ് സാധിക്കുന്നത്. ആന്തരികമായത് അതാത് വിഭാഗങ്ങളിലെ പരിഷ്കരണ പ്രസ്ഥാനങ്ങളും ഉല്പതിഷ്ണുക്കളും ചേർന്ന് രൂപപ്പെടുത്തുന്നതാണെങ്കിൽ ബാഹ്യമായത് അതാത് കാലത്തെ ഭരണരംഗത്തെ ഇടപെടലുകളാണ്. അത്തരം നിരവധി സംഘടനകളും സർക്കാരും നിലവിലുണ്ടായിരുന്നിട്ടും പുരോഗമനം പുറകോട്ടാകാനുള്ള കാരണം എന്താണ്.

ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന ജാതി വിവേചനം 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ രൂഢമൂലമാകുകയും വലിയൊരു വിഭാഗത്തെ അയിത്തക്കാരായി മാറ്റി നിർത്തുകയും, സ്ത്രീ വിരുദ്ധത അതിന്റെ ബീഭത്സമായ രൂപം കൈക്കൊള്ളുകയുമുണ്ടായി. ഹിന്ദു വിഭാഗത്തിനുള്ളിൽ നിന്നു തന്നെ ശക്തമായ എതിർപ്പുകൾ രൂപപ്പെടുകയും ബ്രഹ്മസമാജം, ആര്യസമാജം തുടങ്ങിയ സംഘങ്ങളും രാജാറാം മോഹൻറായ്, ദയാനന്ദസരസ്വതി തുടങ്ങിയ പുരോഗമനവാദികളുടെ ഇടപെടലുകളും ആന്തരികമായൊരു പരിഷ്കരണത്തിന് അവരെ തയ്യാറാക്കിയപ്പോൾ ബാഹ്യമായ ഒത്താശകൾ നൽകിയത് അന്നത്തെ ബ്രിട്ടീഷ് ഭരണകൂടമായിരുന്നു. ഹിന്ദു സമൂഹത്തിന്റെ ആധുനിക ചരിത്രത്തിൽ നിർണ്ണായകമായ 1829-ലെ സതി നിരോധനം, ആന്തരികവും ബാഹ്യവുമായ ഇടപെടലുകളുടെ ആദ്യ ഒത്തു ചേരലും വിജയവുമായിരുന്നു. പ്രൊട്ടസ്റ്റന്റ് സ്വാധീനത്തിലായിരുന്ന അന്നത്തെ ബ്രിട്ടീഷ് ഭരണകൂടം ഹൈന്ദവ പരിഷ്കരണ പ്രസ്ഥാനങ്ങളെ പിൻതുണച്ചു കൊണ്ട് 1843-ൽ വിധവാ പുനർവിവാഹ നിയമം നടപ്പിലാക്കിയും 1856-ൽ മൃഗബലിയുൾപ്പെടെയുള്ള ക്രൂരതകൾ നിരോധിച്ചും, 1891-ൽ ശൈശവ വിവാഹം നിരോധിച്ചും മാതൃകകൾ സൃഷ്ടിച്ചു. എന്നാൽ ബ്രിട്ടീഷ് ഭരണത്തിനെതിരെ കരുത്താർജ്ജിച്ചു വന്ന ദേശീയ പ്രസ്ഥാനത്തിലേയ്ക്ക് സമൂഹം ശ്രദ്ധ തിരിച്ചതോടെ ആഭ്യന്തരമായ മുന്നേറ്റങ്ങൾ മന്ദീഭവിക്കുകയും, നിലനില്പിനായി ബ്രിട്ടീഷുകാർ നിലപാടുകൾ മാറ്റുകയും ചെയ്തതോടെ ബാഹ്യമായ നീക്കങ്ങളും നിർജ്ജീവമാകുകയാണുണ്ടായത്. ബ്രിട്ടീഷ് ഭരണത്തിന് പുറത്തായിരുന്ന നാട്ടുരാജ്യങ്ങളിലും, ചില വടക്കൻ പ്രദേശങ്ങളിലും പരിഷ്കരണയജ്ഞങ്ങൾ തുടർന്നിരുന്നതായി കാണാം. അതിലേറ്റവും മുൻപന്തിയിൽ നിന്നിരുന്നത് തിരുവിതാംകൂറും, കൊച്ചിയും ഉൾപ്പെട്ട മലയാള നാടായിരുന്നു. വടക്കേ ഇൻഡ്യയിലുണ്ടായ മാറ്റങ്ങളുടെ സ്വാധീനത്താൽ കീഴ്ജാതിക്കാരും മാറു മറയ്ക്കാനുള്ള അവകാശത്തിനായി ചാന്നാർ ലഹള പോലെയുള്ള ഒറ്റപ്പെട്ട പ്രക്ഷോഭങ്ങൾ വളരെ മുന്നേ തന്നെ തെക്കൻ കേരളത്തിലും ഉണ്ടായിട്ടുണ്ട്. 1860-ൽ ബ്രിട്ടീഷ് ഇന്ത്യയിൽ ക്രോഡീകരിച്ച സിവിൾ/ക്രിമിനൽ നിയമങ്ങളും കോടതികളും സ്ഥാപിതമാകുന്നതിനും മുൻപ് 1835-ൽ തന്നെ തിരുവിതാംകൂറിൽ സ്വാതിതിരുനാൾ മഹാരാജാവ് നിയമസംഹിതയും, കോടതികളും പ്രാബല്യത്തിൽ വരുത്തിയിരുന്നു. സാമൂഹ്യരംഗത്ത് നിരവധി അപരിഷ്കൃതമായ ആചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും നിരോധിച്ച് നിയമനിർമ്മാണം നടത്തി തിരുവിതാംകൂർ, ബ്രിട്ടീഷുകാർക്കു പോലും മാതൃകയായിട്ടുണ്ട്. മാറുമറയ്ക്കൽ നിയമവിധേയമാക്കിയ നടപടി, ദേവസ്വം ഭരണം സർക്കാർ നിയന്ത്രണത്തിലാക്കിയ 1859-ലെ നിയമനിർമ്മാണം, രാജകീയ നിയമ നിർമ്മാണസഭയിൽ പൊതുജനങ്ങൾക്ക് പ്രാതിനിധ്യം, 1888ലെ ലജിസ്ലേറ്റീവ് കൗൺസിൽ രൂപീകരണം, സ്ത്രീകളുടെ പുരോഗമനാർത്ഥം 1889ൽ കൊച്ചിയിൽ പെൺകുട്ടികൾക്ക് മാത്രമായുള്ള വിദ്യാഭ്യാസസ്ഥാപനം എന്നിവ പ്രത്യേകം ശ്രദ്ധേയമാണ്.

ഇരുപതാം നൂറ്റാണ്ടോടെ കേരളത്തിൽ രൂപം കൊണ്ട മതപരവും, സാമുദായികവുമായ പ്രസ്ഥാനങ്ങൾ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന നിരവധി വിപ്ലവാത്മകമായ സാമൂഹ്യപരിവർത്തനങ്ങൾ വരുത്തിയിട്ടുണ്ട്. കാലം കൊണ്ട് കൂടുതൽ മൗലികമാകുകയും, അന്ധവിശ്വാസങ്ങളുടെയും, ദുരാചാരങ്ങളുടെയും ദുർഗ്ഗങ്ങളിൽ ബന്ധിതമാകുകയും ചെയ്ത വിവിധ വിഭാഗങ്ങളെ പുരോഗതിയുടെ പൊൻവെളിച്ചത്തിലേയ്ക്ക് നയിക്കുവാൻ ഉല്പതിഷ്ണുക്കളായ നേതാക്കന്മാരുണ്ടാകുകയും, അവരെ അംഗീകരിച്ച് നിയമനിർമ്മാണം നടത്തുവാൻ ആധുനിക വീക്ഷണമുള്ള നാട്ടു രാജാക്കന്മാർ സന്നദ്ധമാകുകയും ചെയ്തപ്പോൾ ഇന്നു നാം അവകാശപ്പെടുന്ന നവോത്ഥാനത്തിന് കേരളം നാന്ദി കുറിച്ചു.


കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിന് വലിയ പ്രാധാന്യമുണ്ട്. അധഃസ്ഥിത വർഗ്ഗമായി മുദ്രയടിക്കപ്പെട്ട അവശതയനുഭവിച്ചിരുന്നവരും, അനാചാരങ്ങളുടെ നീർച്ചുഴിയിൽപ്പെട്ട് അലസരായി തമ്മിൽ തല്ലിപ്പിരിഞ്ഞിരുന്നവരുമായ പല സമുദായങ്ങളും സ്വയം പുരോഗതിക്കായി സമുദാ

യ സംഘടനകളുണ്ടാക്കിയത് ഇക്കാലത്താണ്. അതാതു സമുദായത്തെ സംഘടിപ്പിക്കാനും പുരോഗതിയുടെ പന്ഥാവിലേയ്ക്ക് അവരെ നയിക്കുവാനുമുണ്ടായ പ്രവർത്തനങ്ങളാണ് കേരളത്തെ വ്യത്യസ്തമാക്കിയത്. ആ നവോത്ഥാനത്തിന് നേതൃത്വം കൊടുത്ത ശ്രീനാരായണ ഗുരുവാണ് ഇക്കാര്യത്തിൽ മാർഗ്ഗദർശി. നൂറ്റാണ്ടുകളായി സാമൂഹികമായ അവശതയനുഭവിക്കുന്ന ജനതയെ ഉദ്ധരിക്കുന്നതിന് ഒരു സംഘടനയുണ്ടാക്കേണ്ടതാവശ്യമാണെന്ന് ബോധ്യമായ അദ്ദേഹം 1903ൽ ശ്രീനാരായണ ധർമ്മപരിപാലനയോഗം (S.N.D.P) സ്ഥാപിച്ചു. യോഗത്തിന്റെ പ്രവർത്തനം മറ്റെല്ലാ സമുദായങ്ങൾക്കും പ്രചോദനമായി. 1907-ൽ അയ്യങ്കാളിയുടെ നേതൃത്വത്തിൽ അയിത്തജാതിക്കാരായ എല്ലാ സമുദായാംഗങ്ങളുടേതുമായ സാധുജനപരിപാലന സംഘവും 1909-ൽ നമ്പൂതിരിമാരുടെ 'യോഗക്ഷേമ സഭ'യും, 1910-ൽ കെ.പി. കറുപ്പന്റെ നേതൃത്വത്തിൽ 'വാല സമുദായ പരിഷ്കരണസഭയും' 1914-ൽ മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ നായർ സർവ്വീസ് സൊസൈറ്റിയും (N.S.S) നിലവിൽ വന്നു.

ശ്രീനാരായണഗുരുവും, ചട്ടമ്പിസ്വാമികളും, വി.ടി ഭട്ടതിരിപ്പാടും, മന്നത്തു പത്മനാഭനും, കുമാരനാശാനും, ടി.കെ. മാധവനും, ഡോ. പൽപ്പും, അയ്യങ്കാളിയും, കേളപ്പനും, എ.കെ. ഗോപാലനും വിവിധ ദിശകളിലൂടെ നടത്തിയ പരിഷ്കരണങ്ങൾ നിരവധി ജനവിഭാഗങ്ങളെയും, സമുദായങ്ങളെയും, യുക്തഹീനമായ അസംഖ്യം അനാചാരങ്ങളിൽ നിന്നും മോചിപ്പിച്ച് വിദ്യാഭ്യാസത്തിലൂടെയും സംഘടനകളിലൂടെയും പൊതുസമൂഹത്തിന്റെ ഭാഗമാക്കുകയായിരുന്നു. മേധാവിത്വത്തിന്റെ അധീശത്വം കൈയ്യാളിയിരുന്ന നമ്പൂതിരി സമുദായത്തിലെ സ്ത്രീകളുടെ നരകതുല്യമായ ജീവിതം അഗ്രഹാരങ്ങളിൽ നിന്നും അരങ്ങത്തെത്തിക്കുവാൻ വി.ടി. നടത്തിയ ഐതിഹാസികമായ യത്നങ്ങൾ ഈ പരിവർത്തന ഘട്ടത്തിലെ ഒരു തീജ്വാലയായിരുന്നു. ജാതീയമായ ഉച്ചനീചത്വങ്ങൾക്കെതിരെ വിപ്ലവകാഹളം മുഴക്കിയ നാരായണഗുരുവിന്റെ പാതയിലെത്തിച്ചേർന്ന മഹാകവി കുമാരനാശാനും, ഡോ. പൽപ്പുവും, ടി.കെ. മാധവനും ലക്ഷക്കണക്കിന് പിന്നോക്ക ജാതിക്കാരെ മുഖ്യധാരയിലേക്ക് എത്തിക്കുകയുണ്ടായി. അധകൃതരുടെ അതിജീവനത്തിനുള്ള അവകാശങ്ങൾക്കായി അയ്യങ്കാളി നടത്തിയ പ്രക്ഷോഭപരമ്പരകൾ വമ്പിച്ച സാമൂഹ്യമുന്നേറ്റമാണ് സൃഷ്ടിച്ചത്. അലസതയിലും, സുഖലോലുപതയിലും ലയിച്ച് അനേകം ഉപജാതികളായി തമ്മിൽ തല്ലി നശിച്ചു കൊണ്ടിരുന്ന ഒരു വലിയ ജനവിഭാഗത്തെ സംഘടിപ്പിച്ച്, ദിശാബോധം നൽകി മുഖ്യധാരയിലേക്ക് ആനയിച്ച മന്നത്തു പത്മനാഭനും കേളപ്പനും, അയിത്തോച്ചാടന പ്രവർത്തനങ്ങളിലെയും വെള്ളി നക്ഷത്രങ്ങളായിരുന്നു.


കേരളത്തിലെ ക്രിസ്ത്യാനികൾ മതപ്രചാരണത്തിൽ മാത്രമല്ല ശ്രദ്ധ കേന്ദ്രീകരിച്ചത്. കാലത്തിന്റെയും സമൂഹത്തിന്റെയും മാറ്റത്തിനനുസരിച്ച് വിവിധ കർമ്മരംഗങ്ങളിൽ അവർ വ്യാപരിച്ചിരുന്നു. ജാതി വിവേചനത്തിന്റെ ദുഷ്ടവലയത്തിൽപ്പെട്ട് സാമാന്യനീതി പോലും നിഷേധിക്കപ്പെട്ട നിരവധി പേർക്ക് ആശ്വാസം നൽകാൻ ക്രൈസ്തവസഭകൾ തയ്യാറായിട്ടുണ്ട്. കേരളത്തിന്റെ കാർഷിക, വ്യാവസായിക, വാണിജ്യ രംഗങ്ങളിൽ പുരോഗതിയുടെ പ്രേരണ ഇടവകകളുടെ ശക്തി തന്നെയായിരുന്നു. പള്ളികളോടൊപ്പം പള്ളിക്കൂടവുമെന്ന ആശയവുമായി 1894-ൽ കുറവിലങ്ങാട് ഇംഗ്ലീഷ് വിദ്യാലയം ആരംഭിച്ച ചാവറ കുര്യാക്കോസ് ഏലിയാസ് എന്ന വികാരി ആധുനിക വിദ്യാഭ്യാസത്തിന്റെ ആരംഭം കുറിക്കുകയായിരുന്നു. ഈ രംഗത്ത് തുടർ പ്രവർത്തനങ്ങൾ നടത്തി. എൽ.എം.എസ്, സി.എം.എസ്, ബാസൽ മിഷൻ തുടങ്ങിയവയുടെ സേവനങ്ങൾ വിലമതിക്കാനാവാത്തതാണ്. അച്ചടി വിദ്യയുടെയും, പത്രമാധ്യമപ്രവർത്തനങ്ങളുടെയും തുടക്കം മിഷനറിമാരിൽ നിന്നു തന്നെയായിരുന്നു. പോർട്ടുഗീസ് കാലഘട്ടമൊഴികെ മറ്റൊരു കാലത്തും ഇതര സമുദായങ്ങളുമായി അവർ ഏറ്റുമുട്ടലിന്റെ പാത സ്വീകരിച്ചിരുന്നതായി ചരിത്രം പറയുന്നില്ല. മതമെന്ന സ്വകാര്യത മാറ്റി വച്ച്, തിരുവിതാംകൂറിന്റെ സാമൂഹ്യരംഗത്തെ പ്രക്ഷുബ്ധമാക്കിയ മലയാളി മെമ്മോറിയൽ, നിവർത്തനപ്രക്ഷോഭം, ഉത്തരവാദഭരണത്തിനും, ഐക്യകേരളരൂപീകരണത്തിനുമായി നടന്ന സമരങ്ങൾ എന്നിവയിലെല്ലാം സഭകളുടെ സാന്നിദ്ധ്യം പ്രകടമായിരുന്നു.

എ.ഡി. ഏഴാം നൂറ്റാണ്ടോടു കൂടി അറബികളായ വാണിജ്യവർഗ്ഗത്തിന്റെ പ്രയാണത്തോടൊപ്പം ഇസ്ലാം മതവും കേരളത്തിലെത്തിയതായി കാണുന്നു. "വടക്കേ ഇന്ത്യയിൽ മുസ്ലീം പ്രവേശിച്ചത് ശത്രുക്കളായ ആക്രമണകാരികളും, ബിംബാരാധനാവൈരികളുമായിട്ടായിരുന്നെങ്കിൽ പശ്ചിമതീരങ്ങളിൽ അവർ എത്തിയത് സൗഹാർദ്ദമുള്ള കച്ചവടക്കാരും അറേബ്യൻ സംസ്കാരത്തിന്റെ പ്രചാരകന്മാരുമായാണ്. "നൂറ്റാണ്ടുകൾക്കു മുമ്പ് ക്രിസ്തുമതവും ജൂതമതവും കേരളത്തിൽ എത്തിയതു പോലെ ഇസ്ലാം മതവും ജേതാവായല്ല തറവാട്ടിലെ മാന്യനായ ഒരതിഥിയെപ്പോലെയാണ് കേരളത്തിലെത്തിയത് എന്ന് പ്രശസ്ത ചരിത്രകാരൻ എം.ജി.എസ് നാരായണന്റെ അഭിപ്രായം ഇവിടെ ശ്രദ്ധേയമാണ്. (Cultural Symboisis of Kerala) ആദ്യകാലത്ത് പള്ളികൾ നടത്തിയിരുന്ന മുസ്ലീങ്ങൾ ഏകദൈവവിശ്വാസവും, സന്മാർഗ്ഗജീവിതവും സാഹോദര്യവും സമൂഹത്തിൽ പുലർത്തിപ്പോരുകയും പ്രവാചകദർശനങ്ങൾ ഭാരതീയ ഋഷി പാരമ്പര്യവുമായി സംയോജിപ്പിച്ച് സൂഫിവര്യന്മാരുടെ പരമ്പര സൃഷ്ടിക്കുകയുമായിരുന്നു. അക്കാലത്ത് നിലവിലുണ്ടായിരുന്ന സാമൂഹ്യവ്യവസ്ഥിതിയുടെ സമ്മർദ്ദം കാരണം ഇസ്ലാം മതത്തിന് ധാരാളം അനുയായികൾ ഉണ്ടാകുകയും മലബാർ മേഖലയിലെ സാമൂതിരി കുടുംബത്തിന്റെ സഹായം കൂടുതൽ വളർച്ചയ്ക്ക് അവസരമൊരുക്കുകയും ചെയ്തു. സമുദായത്തിന്റെ വളർച്ചയ്ക്കായി നിരവധി യത്തീംഖാനകളും, മദ്രസ്സകളും സ്ഥാപിക്കുകയും, എം.ഇ.എസ്സിന്റെ ആഭിമുഖ്യത്തിൽ അനേകം വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിച്ച്



സാമൂഹ്യവളർച്ചയിൽ പങ്കുചേരുകയും ചെയ്തിട്ടുണ്ട്.

ഭാരതം നാളിതു വരെ കാണാതിരുന്ന സാമൂഹ്യപരിഷ്കരണങ്ങൾക്ക് സാക്ഷ്യം വഹിച്ച നിയമനിർമ്മാണങ്ങളാണ് കേവലം രണ്ട് മൂന്ന് ദശകങ്ങൾ കൊണ്ട് കേരളം പൂർത്തിയാക്കിയത്. 1925-ലെ മൃഗബലിയും ദേവദാസി സമ്പ്രദായവും നിരോധിച്ചു കൊണ്ടുള്ള നിയമനിർമ്മാണം, ക്ഷേത്രങ്ങളോടു ചേർന്നുള്ള പൊതുനിരത്തുകളിൽ എല്ലാ ജാതിക്കാർക്കും സഞ്ചാരസ്വാതന്ത്ര്യം നേടിയെടുത്ത ഉത്തരവ്, തിരുവിതാകൂറിലെയും (1936) കൊച്ചിയിലെയും (1946) ക്ഷേത്രപ്രവേശനവിളംബരം, സർക്കാർ വിദ്യാലയങ്ങളിലെ സാർവത്രികപ്രവേശന ഉത്തരവ്, 1938ലെ 2-ാം നായർ ആക്ട് പ്രകാരം ബഹുഭാര്യാത്വവും, മരുമക്കത്തായവും നിരോധിച്ചു കൊണ്ടു വന്ന നിയമനിർമ്മാണം തുടങ്ങിയവ ചില ഉദാഹരണങ്ങൾ മാത്രം. ജാതി വ്യവസ്ഥിതിയ്ക്കെതിരെ സവർണ്ണവിഭാഗം നേതാക്കൾ തന്നെ നേതൃത്വം കൊടുത്ത മിശ്രവിവാഹങ്ങൾ, പന്തിഭോജനം, ഹരിജനോദ്ധാരണം മുതലായവ സർവസമുദായ മൈത്രിയുടെ മഹനീയ ദർശനങ്ങളായിരുന്നു. ച്ചിരുന്ന ഒട്ടുമിക്ക സാമൂഹ്യസംഘടനകളും ഇന്നും നിലനിൽക്കുകയും, ജനാധിപത്യഭരണസമ്പ്രദായം നിലവിൽ വരികയും ചെയ്തുവെങ്കിലും, സാമൂഹ്യപുരോഗതി നിശ്ചലമാകുകയും, പുറകോട്ടടിക്കുകയും ചെയ്യുന്നതെന്തു കൊണ്ടാണ്. ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടതും രാജഭരണം ജനാധിപത്യത്തിന് വഴി മാറിയതും ഒരു പുതിയ രാഷ്ട്രീയ തൊഴിൽ മേഖലയുടെ തുടക്കം കുറിച്ചു. അധികാര രാഷ്ട്രീയത്തിന്റെ പങ്ക് പറ്റുന്നതിനും പൊതുസ്വത്ത് ആസ്വദിക്കുന്നതിനും വേണ്ടി മറ്റ് കാര്യപരിപാടികൾ ഉപേക്ഷിച്ച് പൊതുരംഗത്തുണ്ടായിരുന്ന ബഹുഭൂരിപക്ഷം പേരും കക്ഷിരാഷ്ട്രീയത്തിലേയ്ക്ക് വഴിമാറി മൂല്യബോധത്തിൽ ഉറച്ചു നിന്നിരുന്ന ന്യൂനപക്ഷമാകട്ടെ അധികാരരാഷ്ട്രീയത്തിൽ നിന്നും അകലം പാലിച്ചു. ത്യാഗനിർഭരമായ കർമ്മപഥത്തിലൂടെ കെട്ടിപ്പൊക്കിയ സാമൂഹ്യസംഘടനകളാകട്ടെ ആദ്യകാല ജനപക്ഷ പ്രവർത്തനങ്ങളൊക്കെ റദ്ദാക്കി അധികാരത്തിനും അഴിമതിയുടെ പങ്കിനും വേണ്ടി വിലപേശാനുള്ള വേദികളായി അധഃപതിച്ചിരിക്കുന്നു. പരിഷ്കരണപ്രസ്ഥാനങ്ങളുടെ വിടവ് നികത്തുന്നത് വ്യക്തികേന്ദ്രീകൃതമായ ചില ഗ്രൂപ്പുകളും, അല്പായുസ്സുള്ള ആക്ടിവിറ്റിസ്റ്റുകളുമാണ്.



ദേശീയ വീക്ഷണത്തിലും അന്തർദേശീയ അജണ്ടയിലും പ്രവർത്തിക്കുന്ന രാഷ്ട്രീയ കക്ഷികൾ ഇപ്പോൾ ജനപ്രാതിനിധ്യവും, മന്ത്രിപദവികളും, ബോർഡ് കോർപ്പറേഷൻ സ്ഥാനങ്ങളും എന്തിനേറെ യൂണിവേഴ്സിറ്റികളും, അക്കാദമികളും വരെ ജാതിമതവിഭാഗങ്ങൾക്കായി വിഭജിച്ചു നൽകി വോട്ടുബാങ്കുകൾ ഉറപ്പു വരുത്തുന്നു. വിഭജനത്തിന് മുന്നേ തന്നെ മതപരമായി സുസംഘടിതമായിരുന്ന മുസ്ലീം ജനതയെ വിഭജനത്തിനു ശേഷം അതേപടി നിലനിർത്തി വോട്ടുബാങ്കാക്കാൻ ശ്രമിച്ചതാണ് ജനാധിപത്യം നൽകിയ ആപത്സൂചന. അയഞ്ഞ മതബോധവും അസംഘടിതവുമായിരുന്ന ഹിന്ദു വിഭാഗത്തെയും അതേ പാതയിൽ നടത്താൻ ചിലർ ശ്രമിച്ചുവെങ്കിലും കാര്യമായ ഫലപ്രാപ്തി സ്വാതന്ത്ര്യാനന്തരം അര നൂറ്റാണ്ടോളം നേടിയതായി കാണുന്നില്ല.



43 വർഷത്തെ ദാമ്പത്യ ജീവിതത്തിനു ശേഷം ഒരു മുസ്ലീം അഭിഭാഷകൻ തന്റെ ആദ്യഭാര്യയെ തലാക്ക് ചൊല്ലി പുറത്താക്കിയപ്പോൾ അവർ നീതിപീഠത്തെ സമീപിക്കുകയും 10 വർഷത്തെ നിയമപോരാട്ടത്തിനൊടുവിൽ സുപ്രീംകോടതി അവർക്ക് ജീവനാംശം നൽകണമെന്ന് വിധി കല്പിക്കുകയും ചെയ്തു. പക്ഷേ അന്നത്തെ യുവാവായിരുന്ന ഇന്ത്യയുടെ പ്രധാനമന്ത്രി പാർലമെന്റിലുണ്ടായിരുന്ന മൃഗീയ ഭൂരിപക്ഷമുപയോഗിച്ച് മുസ്ലീം വനിതാ ബിൽ പാസ്സാക്കി സുപ്രീംകോടതി വിധിയെ അസ്ഥിരപ്പെടുത്തി. വനികൾക്ക് ജീവനാംശം ഉറപ്പു വരുത്തുന്ന ബ്രിട്ടീഷുകാർ രൂപപ്പെടുത്തിയ നിയമത്തെ ഒന്നര നൂറ്റാണ്ടിനു ശേഷം ഇന്ത്യയുടെ ജനകീയ സർക്കാർ അട്ടിമറിച്ചത് മൗലീകതയിലേയ്ക്കുള്ള മടക്കയാത്രയ്ക്കുള്ള അംഗീകാരമായിരുന്നു. സംഘടിതശക്തിയുടെ ഈ സന്ദേശമാണ് 158 വർഷങ്ങൾക്കു മുമ്പ് നിയമം മൂലം നിരോധിച്ച സതി സമ്പ്രദായം 1987ൽ രാജസ്ഥാനിൽ രൂപ്കൻവർ എന്ന യുവതിയിലൂടെ പുനർജനിക്കാൻ കാരണായത്.

മതസാമുദായിക സംഘടനകൾ അപ്രമാദിത്വത്തിന്റെ അധികാരസ്ഥാനങ്ങളായി രൂപാന്തരം പ്രാപിക്കുകയും, പരിഷ്ക്കരണാശയങ്ങളെ തമസ്കരിച്ച് പുറന്തള്ളുകയും ചെയ്യുന്നു. പുരോഗമനവാദികൾക്ക് വളരുവാനുള്ള വളക്കൂറ് ആ മണ്ണിലിപ്പോഴില്ല. സമൂഹത്തിന്റെ സമൂലമാറ്റമോ, വിവിധ ജാതിമതങ്ങളുടെ സൗഹാർദ്ദമോ രാഷ്ട്രീയക്കാരൻ വിചാരിക്കുന്നില്ല. ഒ.വിജയൻ നിരീക്ഷിച്ചതു പോലെ "സംഘർഷം" രാഷ്ട്രീയക്കാരന്റെ (ഭരണത്തിലായാലും, പ്രതിപക്ഷത്തായാലും) ഉപജീവനമാർഗ്ഗമാണ് രാഷ്ട്രീയക്കാരൻ ജീവിക്കുന്നു. രാഷ്ട്രം തകരുന്നു, തുടരുന്ന സമസ്യ."

*കടപ്പാട്: പ്രൊഫ. അച്യുതവാര്യർ (കേരള സംസ്കാരം)*
*ആനന്ദ് (മാതൃഭൂമി ആഴ്ചപ്പതിപ്പ് (91-21)*


Clients First
REALTORS®
BUYING
OR
SELLING
CALL FOR
A FREE HOME
EVALUATION
WHEN IT COMES TO
BUYING OR SELLING HOME IT IS IMPORTANT
TO TRUST IN A REAL ESTATE AGENT
WHO CARES ABOUT YOUR NEIGHBORHOOD
AS MUCH AS YOU DO. WHEN YOU ARE READY
TO BUY OR SELL CALL ME.
AJAI J ALEX PROFESSIONAL REALTOR®
44205 Ford Rd CANTON,MI 48187
www.ajaialex.com ajaialex@hotmail.com
CELL: (248) 767-9451
OFFICE:(734) 981-2900



# ഒരു ഡംബെല്ലും ശിവദാസ് മാഷും

കോശി മലയിൽ

ശിവദാസ് മാഷ് എന്റെ പ്രിയപ്പെട്ട കെമിസ്ട്രി അദ്ധ്യാപകനായിരുന്നു. മലബാർ ക്രിസ്ത്യൻ കോളേജിൽ നിന്നും ഇന്ന് നാസ വരെ എത്തി നില്ക്കുന്ന എന്റെ കെമിസ്ട്രി യാത്രയുടെ തുടക്കം ആ ഗുരുവിലൂടെ.

ദാരിദ്ര്യത്തിൽ നിന്നും ഉയർന്നു വന്ന പ്രതിഭ. മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിൽ പഠനം. സയൻസ് ടാലന്റ് പാരിതോഷികങ്ങളും സ്കോളർഷിപ്പുകളും, റാങ്കുകളും വാരിക്കൂട്ടിയ വിദ്യാർഥി. അവസാനം ബനാറസ് ഹിന്ദു സർവ്വകലാശാലയിൽ നിന്നും ഓർഗാനിക്ക് കെമിസ്ട്രിയിൽ പി.എച്ച്.ഡി. ഓർഗാനിക് കെമിസ്ട്രിയിൽ ബെൻസീൻ റിംഗിനെക്കുറിച്ച് മാഷിന്റെ ക്ലാസ് മറക്ക വയ്യ. ബെൻസീൻ വലയത്തിൽ ഒരു പറ്റം ഇലക്ട്രോണുകൾക്ക് സ്ഥിരമായ ഒരു സ്ഥാനമില്ല, അവ സദാ ചലിച്ചു കൊണ്ടിരിക്കും. തിരുവാതിര കളി പോലെയാണ് ആ ഇലക്ട്രോണുകളുടെ നീക്കം. തിരുവാതിരയിൽ സ്ത്രീ രത്നങ്ങളുടെ നിതംബങ്ങൾ ഒരു സ്ഥാനത്തു നിന്നും മറ്റൊരിടത്തേക്ക് മാറുകയും, പിന്നെ പൂർവ്വ സ്ഥാനത്തു എത്തുകയും ചെയ്യുന്നതുപോലെ.

ഹൈബ്രിഡൈസേഷനെപ്പറ്റിയുള്ള ക്ലാസ്സ്;

'മ്യൂൾ ഈസ് ആൻ ആനിമൽ വിച് ഈസ് നൈതെർ എ ഡോങ്കി നോർ എ ഹോർസ്'. മ്യുൾ എന്നാൽ കോവർ കഴുത. ഓർബിറ്റലുകൾ ചേർന്നാണ് സങ്കര ഓർബിറ്റലുകൾ ഉണ്ടാകുന്നത്. കഴുതയുമല്ല, കുതിരയുമല്ല, കോവർ കഴുത. സങ്കര വർഗം.

ഡംബെല്ല് പോലെയാണ് ചില ഓർബിടറ്റലുകളുടെ രൂപം. ഒരു തന്മാത്രയിൽ ഇലട്രോണുകളെ കാണാൻ കൂടുതൽ സാധ്യത ഉള്ള സ്ഥാനങ്ങളാണ് ഓർബിറ്റലുകൾ. ഡംബെല്ല് എന്നാൽ കമഴ്ത്തി വെച്ചിരിക്കുന്ന ഒരു മണി. കുട്ടികൾ പരീക്ഷക്ക് കാണാതെ പഠിച്ചു, ഡംബെല്ല് പോലുള്ള ഓർബിറ്റലുകളെക്കുറിച്ച്, കമഴ്ത്തി വെച്ചിരിക്കുന്ന മണി മനസ്സിൽ സങ്കല്പ്പിച്ചു കൊണ്ട്.

അധ്യാപകർ കണിശക്കാരാണ്. ശിവദാസ് മാഷും അതുപോലെ തന്നെ. പരീക്ഷക്ക് എഴുതുമ്പോൾ വള്ളി പുള്ളി തെറ്റിക്കൂട. 'ബ്രിസ്ക്ക് എഫർവെസ്സൻസ് വിത്ത് എ കളർലെസ്സ് ആന്റ് ഓഡർലെസ്സ് ഗ്യാസ് ടേണിംഗ് ലൈം വാട്ടർ മിൽക്കി'. കെമിസ്ട്രി പഠിച്ച മലയാളിയുടെ രക്തത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്ന ഒരു ആപ്തവാക്യം. ഏത് ഉറക്കത്തിൽ വിളിച്ചു ചോദിച്ചാലും ഈ സൂക്തം റെഡി. കെമിസ്ട്രി ലാബിൽ കാർബണേറ്റ് സോൾട്ടിലേക്ക് നേർത്ത ഹൈഡ്രോക്ലോറിക് ആസിഡ് ഒഴിക്കുമ്പോൾ കാർബൺ ഡയോക്സൈഡ് വാതകം ഉണ്ടാകുന്ന സംഭവം. വാതകം ഉല്പാദിപ്പിക്കപ്പെടുമ്പോൾ പതഞ്ഞു പൊങ്ങുന്ന കുമിളകളാണ് എഫർവെസൻസ്. പ്രാക്ടിക്കൽ പരീക്ഷയ്ക്ക് അതിൽ ഒരു വാക്ക് എഴുതാൻ വിട്ടുപോയാൽ ഡോക്ടറോ എൻജിനിയരോ ആകാൻ ആഗ്രഹിച്ച കുട്ടിയുടെ ആഗ്രഹപരിസമാപ്തി. അത്രത്തോളം വിലയേറിയ വാചകം. ഈ മഹാസൂക്തത്തിലെ എഫർവെസൻസ് മാത്രം പോര, ബ്രിസ്ക്ക് വേണം, കളർലെസ്സ് മാത്രം പോര, ഓഡർലെസ്സും വേണം. ബ്രിസ്ക് എന്ന വാക്ക് വിട്ടു പോയിട്ട് എൻജിനീയറിംഗ് അഡ്മിഷൻ കിട്ടാതെപോയ ഒരു മഹാനെ ഒരിക്കൽ കണ്ടു മുട്ടി. മാർക്ക് മാത്രം നോക്കി അഡ്മിഷൻ നടത്തുന്ന ആ കാലത്ത്. പിന്നീട് എങ്ങിനെയോ എൻജിനീയറായ അദ്ദേഹം തുടങ്ങിയ കെമിക്കൽ കമ്പനിക്കു ബ്രിസ്ക്ക് എന്ന പേരിട്ടു. ലാബിൽ വച്ച് ബ്രിസ്ക് എഫർവെസൻസ് കുറിക്കാൻ വിട്ടു പോയ എന്റെ നോട്ടു ബുക്ക് പറക്കും തളിക പോലെ പറന്നു. ബുക്കിന്റെ ഇടിയുടെ ആഘാതത്തിൽ പൊട്ടി വീണ ആസിഡ് കുപ്പികളും സോൾട്ട് ഡപ്പികളും ചേര്ന്ന് ആ സിമിന്റ് തറയിൽ എന്തൊക്കെയോ പതഞ്ഞു പൊങ്ങി.

ഇംഗ്ലീഷു മാഷന്മാരുടെ പ്രിയപ്പെട്ട ഗ്രാമർ ഉത്സവമാണ്, നോട്ട് ഓണ്ലി ബട്ട് ഓൾസോ ക്ലാസ്. അത് പഠിപ്പിക്കുവാന് അധ്യാപകര്ക്ക് അത്യുത്സാഹം. 'ഹി വാസ് നോട്ട് ഒണ്ലി എ ഫാർമർ ബട്ട് ഓൾസോ എ ബിസിനസ് മാൻ'. നോട്ട് ഒണ്ലിക്ക് ശേഷം ബട്ട് ഓൾസോ വിട്ടു പോയാൽ അവന്റെ കാര്യം പോക്കായി. സമൂഹത്തിൽ അവൻ പുറം തള്ളപ്പെട്ടവനാകും. ധനനഷ്ട്വും, മാനഹാനിയും ഫലം. അതിനാൽ അക്കാലത്ത് മലയാളി വിദ്യാർഥി ഊണിലും ഉറക്കത്തിലും ഈ സൂക്തം ഉരുവിട്ടിരുന്നു. അതുപോലെ നൈതർ കഴിഞ്ഞാൽ നോർ ചേർക്കാത്തവനെയും, ഐതർന് ശേഷം ഓർ ചേർക്കാത്തവനെയും സമൂഹം ഭ്രഷ്ട് കല്പിച്ച് പടിയടയ്ക്കും.

ഇവിടെ അമേരിക്കയിൽ എത്തിയപ്പോഴാണ് എന്റെ കൊളസ്ട്രോൾ ലെവൽ കൂടുതലാണെന്ന് കണ്ടു പിടിച്ചത്. എച്ച്.ഡി.എൽ, എൽ.ഡി.എൽ എന്ന രണ്ടു വാക്ക് ഞാൻ ആദ്യമായി പഠിച്ചു. എച്ച്.ഡി.എൽ അഥവാ ഗുഡ് കൊളസ്ട്രോൾ ശരീരത്തിന് ഗുണം ചെയ്യും. എന്നാൽ എൽ.ഡി.എൽ അഥവാ ബാഡ് കൊളസ്ട്രോൾ ദോഷം ചെയ്യും. എനിക്ക് ബാഡ് കൊളസ്ട്രോൾ കൂടുതലാണത്രേ. 'കൂടുതൽ എക്സർസൈസ് വേണം. ഒരു ജിമ്മിൽ ചേരുന്നത് നന്നായിരിക്കും 'ഡോക്ടർ പറഞ്ഞു'. ആദ്യ ദിവസം ജിമ്മിലെ ട്രൈനറുടെ വകയായി ഒരു ജിം ടൂറ്. ട്രെഡ് മില്ല്, എലിപ്ടിക്കൽ, സൈക്കിൾ എല്ലാം കാട്ടിത്തന്ന കൂട്ടത്തിൽ അയാൾ പറഞ്ഞു, 'മസിലുകൾക്ക് ശക്തി പകരാൻ വെയിറ്റ് ലിഫ്റ്റ് നന്നാകും, യൂ കാൻ ടൂ വെയിറ്റ്സ് വിത്ത് ദീസ് ഡംബെല്സ്'.

ഇതാ എന്റെ മുൻപിൽ കിടക്കുന്നു കുറെ ഡംബെല്ലുകൾ. യഥാർത്ഥ ഡംബെല്ലുകൾ. എനിക്കാകെ കൺഫ്യൂഷൻ, എന്റെ മാനസപുത്രന് മാഷ് പഠിപ്പിച്ച ഡംബെല്ലുമായി ഇതിനു യാതൊരു ബന്ധവുമില്ല. ഇവ മണികളല്ല. ഒരു ഇരുമ്പ് ദണ്ഡിന്റെ ഇരുവശവും ഭാരമുള്ള ഉരുണ്ട ഇരുമ്പു ഗോളങ്ങൾ. നമ്മുടെ ശക്തിക്കനു


Varghese
PHOTOGRAPHY
(248) 509-4363
varghesephotography@gmail.com
www.varghesephotography.com
SENIOR | FAMILY | ARANGETRAM | DANCE


MOST INDIAN ITEMS
PAKISTANI, INDIAN, ARABIC GROCERIES
ABDU HALAL MEATS & GROCERY MARKET
ABDU MARKET
GROCERIES
FRESH MEAT
VEGETABLES
42468 CHERRY HILL RD, CANTON, MI 48187
OPEN DAILY: 10:00 AM TO 9:00 PM
734-335-7519
734-335-7308

സരിച്ച് വിവിധ ഭാരങ്ങളുള്ള ഡംബെല്ലുകൾ. തിരികെ വന്നു ഇന്റർനെറ്റിൽ നോക്കി. അതെ, ഇത് തന്നെയാണ് യഥാർത്ഥ ഡം ബെല്ലുകൾ. അപ്പോൾ മാഷിന് തെറ്റു പറ്റിയതായിരിക്കാം. അതോ കുറച്ചു ലഘുകരിച്ചു കുട്ടികൾക്ക് മനസ്സിലാകുന്ന രീതിയിൽ പറഞ്ഞു തന്നതാകാം കമഴ്ത്തി വെച്ച മണി എന്ന്. പക്ഷെ ഇത് രണ്ടും തമ്മില് രൂപസാദൃശ്യം കുറവ്.

ഇംഗ്ലീഷ് നമുക്ക് രണ്ടാം ഭാഷയാണ്. ആ രണ്ടാം ഭാഷയിലെഴുതിയ ഗ്രന്ഥങ്ങളാണ് നമ്മുടെ പഠനത്തിനാധാരം. ആ ഗ്രന്ഥങ്ങൾ എഴുതിയ സായിപ്പിന് പരിചയമുള്ള വസ്തുക്കളുമായാണ് ഉപമകൾ. ഒരു മലയാളി എഴുതിയാല് ഒരു പക്ഷെ ചക്കയോടും, മാങ്ങയോടും തേങ്ങയോടുമായിരിക്കാം ഉപമിക്കൽ. ഒരിക്കൽ ഒരു ഇംഗ്ലീഷ് മാഷ് വായിച്ചു. 'ഇറ്റ് വാസ് എ ഡാർക്ക് നൈറ്റ്'. ഇംഗ്ലീഷിന്റെ മലയാളീകരിച്ച വിശദീകരണം പിന്തുടർന്നു. 'ദാറ്റ് മീൻസ് ഇറ്റ് വാസ് നോട്ട് എ ഡേ ടൈം'.

കെമിസ്ട്രിയിൽ കൊളോയിഡുകളെ പറ്റി പഠിപ്പിക്കുമ്പോൾ 'വിപ് ക്രീം' എന്ന ഉദാഹരണം പറയും. അക്കാലത്ത് വിപ് ക്രീം ആർക്കും പരിചിതമായിരുന്നില്ല. ചില മാഷന്മാർ ആ വാക്ക് വിഴുങ്ങിക്കളയും. കുട്ടികൾ സംശയം ചോദിക്കാൻ ചെന്നാൽ ഓടി ഒളിക്കും. അങ്ങനെ ചില പഴം പുരാണങ്ങൾ വീണ്ടും.

ശിവദാസ് മാഷിന്റെ ഓർമ്മയിൽ ഈ ഡം ബെല്ല് ഉടനെ ഓടിയെത്തും. മാഷേ എന്നെങ്കിലും കാണുമ്പോൾ ഇതൊന്നു പറയാൻ ഒരു മോഹം. ഞാൻ യഥാർഥ ഡം ബെല്ല് കണ്ടെന്ന്. മനസ്സിലൊരു കുസൃതി. പ്രിയ ശിഷ്യന് അതിനവകാശമുണ്ട്. മാഷുമായി അത്ര അടുപ്പമായിരുന്നു.

അവധിക്കാലത്തെ നാട് സന്ദർശനം. മാഷ് താമസിക്കുന്നത് പാലക്കാടിനടുത്ത് നെന്മാറയിൽ. കാറിലിരിക്കുമ്പോൾ ഓർത്തു, പണ്ട് അമേരിക്കയിൽ വച്ച് നാട്ടിൽ നിന്നും വിസിറ്റിനു വന്ന ഒരു മാഷിനെ കാണാന് പോയത്. ഞങ്ങൾ നാല് സഹപാഠികൾ. മാഷ് സാൻഫ്രാൻസിസ്കോയിൽ മകന്റെ വീട്ടിൽ. മാഷിന് ശിഷ്യർ ഇട്ട ഓമനപ്പേര് 'ഇരുട്ട് ഗോപി'. 'നിങ്ങൾ അറിയാതെ ആ പേരൊന്നും പറഞ്ഞു പോകരുത്'. ഞാൻ കൂട്ടുകാരെ വിലക്കി. 'മാഷിനു അതറിയാമെന്നു തോന്നുന്നില്ല'. കല്ക്കരി പോലെ കറുത്ത മാഷിനു ഏതോ ഒരു സഹൃദയൻ ഇട്ട പേര്. കറുപ്പിനെ ഇരുട്ടിനോട് ഉപമിച്ചിരിക്കുന്നു.

മാഷിനെ കണ്ടു. ഭാര്യയും കൂടെയുണ്ട്. സംസാരത്തിനിടെയിൽ ഭാര്യ ചിരിച്ചു കൊണ്ട് പറഞ്ഞു. 'മാഷ്ക്ക് ഇരുട്ട് ഗോപി എന്നൊരു ഓമനപ്പേര് ഉണ്ടായിരുന്നു, നിങ്ങൾക്കറിയില്ലായിരിക്കും 'ഞങ്ങൾ മുഖത്തോട് മുഖം നോക്കിയിരുന്നപ്പോൾ ഒരു കൂട്ടുകാരൻ രക്ഷക്കെത്തി. 'അത് ഞങ്ങൾക്ക് ഒരു പുതിയ അറിവാണല്ലോ'. മാഷ് കുലുങ്ങി ചിരിച്ചു. ചിരിയടക്കാൻ ഞങ്ങൾ പണിപ്പെട്ടു. ഞങ്ങൾ ഈ നാട്ടുകാരേ അല്ല എന്ന് തോന്നിപ്പിച്ചു.

ഡ്രൈവർ വഴി ചോദിക്കാൻ കാർ നിർത്തി. ഒരു നാടൻ ജിമ്മിനു മുൻപിൽ. എനിക്കൊരു കുസൃതി തോന്നി. ഞാനും ഇറങ്ങി. മാഷിന്റെ മകൻ നടത്തുന്ന ജിമ്മാണെന്ന് അപ്പോഴാണ് മനസ്സിലായത്.. സിമിന്റ് തറയിൽ ചിതറി കിടക്കുന്നു കുറെ ഡം ബല്ലുകൾ. 'ഇതെന്താണ്? ഞാന് ചോദിച്ചു. 'ഡം ബല്ലുകൾ, സിക്സ് പാക്ക് മസില് വെക്കാൻ ഇതുയർത്തിയാൽ മതി'. മാഷിനറിയില്ലെങ്കിലും പുതിയ തലമുറയ്ക്കറിയാം. ഞാൻ സന്തോഷിച്ചു. മകൻ പറഞ്ഞു തന്ന ഊടുവഴികൾ താണ്ടി വീട്ടിൽ എത്തി. മാഷിന്റെ മരുമകളും കൊച്ചുമകനും വീട്ടിലുണ്ട്. 'മാഷ് ബാത്ത്റൂമിലാണ്'. 'നിങ്ങൾ ഇരിക്കണം' മരുമകൾ പറഞ്ഞു. 'വേണ്ട മുററത്തു നല്ല കാറ്റുണ്ട് ഞാൻ ഇവിടെ നിന്നോളാം'. ഞാൻ മുറ്റത്തേയ്ക്ക് ചാഞ്ഞു നില്ക്കുന്ന മൂവാണ്ടൻ മാവിന്റെ കീഴിലേയ്ക്ക് മാറി നിന്നു. മുറ്റത്ത് മണ്ണ് വാരിക്കളിക്കുന്ന ചെറുമകൻ. കൂട്ടിനു ഒരു ചങ്ങാതിയുമുണ്ട്.

ഞാൻ ആ കുസൃതി ചോദ്യം വീണ്ടും എടുത്തിട്ടു. ഇത്തവണ ഇംഗ്ലീഷിൽ. കുട്ടി ഇംഗ്ലീഷ് മീഡിയത്തിലാണ് പഠനം എന്ന് അനുമാനിച്ചു. 'ഡു യു നോ വാട്ട് ഈസ് എ ഡം ബെൽ'?. 'ഐ നോ വാട്ട് ഇറ്റ് ഈസ്' 'മൈ ഡാഡി ഹാസ് ദാറ്റ് ഇൻ ഹിസ് ജിം'. അതിന്റെ കൂടെ ഇതും ചേർത്തു. 'ഡോണ്ട് തിങ്ക് ഐ ആം ഡം', ഞാനൊരു പൊട്ടനാണെന്നു കരുതരുത് എന്ന് ചുരുക്കം. നീ ആളൊരു പുലിയാണല്ലോ കുഞ്ഞു മകനേ എന്ന് മനസ്സിൽ ഓർത്തു.

കുളി കഴിഞ്ഞ മാഷിനെ താങ്ങിപ്പിടിച്ചു കൊണ്ട് മരുമകൾ ഉമ്മറത്തെ ചാരുകസേരിയിൽ ഇരുത്തി. 'സ്ട്രോക്ക് വന്നതാ, ചെവി കേൾക്കില്ല, വർത്തമാനം പറയില്ല,. ഹീ ഈസ് ബേസിക്കലി ഡഫ് ആൻഡ് ഡം' മരുമകൾ. കാഴ്ചക്ക് കുറവില്ല എഴുതിക്കൊടുത്താൽ വായിക്കും.' 'ഒരു കൈയ്ക്ക് മാത്രം കുറച്ച് സ്വാധീനമുണ്ട്.' മാഷിന്റെ സ്ഥിതി കണ്ടപ്പോൾ ദുഃഖം തോന്നി. ഞാന് പഴയ പ്രിയ ശിഷ്യനാണെന്നറിഞ്ഞപ്പോൾ ആ മുഖം ശോഭിച്ചു. എന്നെ തിരിച്ചറിഞ്ഞു. എന്റെ കൈ പിടിച്ചു മുഖത്തോട് ചേർത്തു വച്ചു.

മുറിയുടെ മൂലയിൽ ഒരു മണി കമഴ്ത്തി വെച്ചിരിക്കുന്നു. 'എന്താണെന്നറിയില്ല അതെപ്പോഴും അടുത്തുണ്ടാകണം. കമഴ്ത്തി തന്നെ. അത് നിർബന്ധമാണ് ഞങ്ങൾ ചരിച്ചോ മറ്റോ വെച്ചാൽ വയ്യാത്ത കൈ കൊണ്ട് അതെടുത്തു കമഴ്ത്തി വെക്കും'. ഞാൻ അതിലേക്കു നോക്കുന്നത് കണ്ടിട്ട് മരുമകൾ പറഞ്ഞു. കുഞ്ഞു പൂക്കളുള്ള നീണ്ട പാവാടയിട്ട സഹായി തമിഴ്ത്തി പെൺകുട്ടി ഓടി വന്നു ആ മണികിലുക്കി. അവളുടെ മുല്ലപ്പൂ ചൂടിയ മുടി തലക്കിരുവശവും ഉരുട്ടി കെട്ടിവെച്ചിരിക്കുന്നു. ഓർബിറ്റലുകളപ്പോലെ. 'അവടെ ഒരു തമാശയാ മണി കിലുക്കുന്നേ.' മരുമകൾ. 'കഴിക്കാൻ സമയമായി, ഭക്ഷണം ഇപ്പോൾ കൊണ്ടുവരുമെന്നുള്ള സിഗ്നൽ.'

മാഷ് അരികിലിരുന്ന മഷിപ്പേനയും പേപ്പറും അടുത്തേയ്ക്ക് നീക്കി വച്ചു. വിറയ്ക്കുന്ന ഇടം കൈകൊണ്ട് ഒരു കുറിപ്പ് എഴുതി എന്റെ നേരെ നീട്ടി. ഞാൻ തിടുക്കത്തിൽ തുറന്നു നോക്കി. 'ഞാൻ ഓർബിറ്റലുകൾ പഠിപ്പിക്കുമ്പോള് ഡം ബെല്ലിന്റെ അർഥം തെറ്റി പഠിപ്പിച്ചുണ്ട്, ഒരു പക്ഷെ നിന്നെയും' 'അത് കമഴ്ത്തിയ മണി അല്ല'. അടിയിൽ ശരിയായ ഡം ബെല്ലിന്റെ ഒരു ഏകദേശ ചിത്രവും. 'കൂട്ടുകാരോടും പറയണം എന്റെ ഈ മിസ്റ്റേക്ക്.' ഞാൻ എന്ത് ചെയ്യണമെന്നറിയാതെ പകച്ചു നിന്നു. പതിയെ അതിനു പിറകിൽ ഒരു മറുകുറിപ്പ് എഴുതി കൈക്കുള്ളിൽ വച്ചു. 'അന്ന് ഞങ്ങള് കുട്ടികൾക്ക് ഭാരമേറിയ യഥാർഥ ഡം ബല്ലുകൾ താങ്ങാന് പറ്റുമായിരുന്നില്ല. കമഴ്ത്തി വെച്ച ചെറു മണികളായി അവയെ



ലഘൂകരിച്ചു തന്നതിന് നന്ദി. ജീവിതത്തിൽ ഭാരമേറിയ യഥാർത്ഥ ഡം ബല്ലുകൾ കൈകാര്യം ചെയ്യാൻ അവ കരുത്തേകി'. മാഷ് തെറ്റല്ല ശരിയാണ് ചെയ്തത്. നന്ദി മാഷേ, എല്ലാറ്റിനും നന്ദി'. കുറിപ്പ് വായിച്ച ആ വലിയ മനസ്സിൽ നിന്നും ഒരു തുള്ളി അടർന്ന് ചുക്കി ചുളിഞ്ഞ ആ കവിളിലൂടെ താഴേയ്ക്കിറങ്ങി. തളർന്ന ഇടതു കൈയുയർത്തി അത് മായിക്കാനുള്ള മാഷുടെ ഒരു വിഫലശ്രമം.

റിട്ടയർ ചെയ്തിട്ടും കുട്ടികള്ക്ക് വേണ്ടി കരുതുന്ന ആ വലിയ മനുഷ്യന്റെ കാല് പാദങ്ങളും കമഴ്ത്തി വെച്ചിരിക്കുന്ന ആ കിലുക്കു മണിയും തൊട്ടു നമിച്ചിട്ട് ഞാൻ തിരികെ യാത്രയായി, നന്മകളാൽ സമൃദ്ധമായ ആ നാട്ടിൻപുറത്തിന്റെ ഇടുങ്ങിയ മനോഹര നാട്ടുവഴികൾ താണ്ടി വീണ്ടും.

# Leave the Driving to SMART!

**SMART reimagined what riding a bus could be, and created a new reality. Welcome to FAST. *Frequent, Affordable, Safe, Transit* with limited-stop service on Woodward, Gratiot, and Michigan Avenues.**

**FAST**

*Frequent. Affordable. Safe. Transit.*

powered by SMART

**Grab a seat and get going @ RideSMART-*FAST*.org**




**Download**

RideSMARTbus App    Transit App

**Follow Us on**

**(866) 962-5515** M-F 6:30 a.m. to 6:00 p.m. Sat 7:30 a.m. to 4:00 p.m. / **RideSMART-*FAST*.org**



# നഷ്ടപ്പെട്ടവരുടെ ലോകം

സാംസി കൊടുമൺ

സന്ധ്യയുടെ ശംഖൊലിയുമായി ഇളം കാറ്റ് അവരെ തോണ്ടി വിളിച്ചു. പാർക്ക് ശബ്ദമുഖരിതമായിരുന്നെങ്കിലും, ആ നാൽവർ ചുറ്റുപാടുകളെ മറന്ന്, അവരവരിലേക്കിറങ്ങി എന്തൊക്കയോ ചിന്തകളിലായിരുന്നു. ദിവസത്തിന്റെ തിരക്കുകളെ മറന്ന്, വാർദ്ധ്യക്കത്തിലേക്കുള്ള നടപ്പാതയുടെ ദൂരം കുറഞ്ഞു കുറഞ്ഞു വരുന്നതു മുന്നിൽ കണ്ട് പതറവേ... ഇന്നലകളിൽ നടന്ന വഴിയോരങ്ങളിലെ ചതിപ്പുകളിൽ കൈകാൽ കുഴഞ്ഞ ദിവസങ്ങളുടെ നൊമ്പരങ്ങളെ അവർ പങ്കുവെയ്ക്കാറുണ്ട്. പിൻഗാമികളുടെ ദുരിതങ്ങളിൽ അവർ വിലപിക്കുന്നു. വാരാന്ത്യങ്ങളിലെ അവരുടെ കൂട്ടുകെട്ട് ചില്ലറതമാശകളും, കുറെ ചർച്ചകളുമായി ഒരാഴ്ച്ചയായി അവർ കരുതി വെച്ചിരുന്നതിന്റെ ഒക്കെ കെട്ടഴിയ്ക്കുന്നു.

"കൂട്ടരെ.... കഴിഞ്ഞ ദിവസങ്ങളിലെ മലയാള വാർത്തകളിൽ നിറഞ്ഞു നിൽക്കുന്നത്, മലയോര കർഷകരും, കസ്തൂരി രംഗൻ റിപ്പോർട്ടുമാണ്." അന്തർമുഖരായവരെ ഉണർത്താനെന്നപോലെ ബാബു ആമുഖം പറഞ്ഞെല്ലാവരേയും നോക്കി. എന്നിട്ട് തുടർന്നു. "മലയോര കർഷകരെ സംബന്ധിച്ച് റിപ്പോർട്ട് ആശങ്കാജനകമാണന്ന ഭീതി പരത്തി, ആരൊക്കയോ പിന്നിൽ മുതലെടുപ്പു നടത്തുകയല്ലേ എന്നു ഞാൻ സന്ദേഹിക്കുന്നു. ഗവണ്മന്റ് ഒരു കർഷകനേയും ഇറക്കി വിടാൻ പോകുന്നില്ല. പക്ഷേ പാതരിമാർ പറയുന്നു അവർ നക്സലറ്റുകളാകുമെന്ന്. അവർ ആരുടെ പക്ഷത്താണ്. അവർ ആർക്കുവേണ്ടി സംസാരിക്കുന്നു. അവർക്ക് സംരക്ഷിക്കാൻ താല്പര്യങ്ങളുണ്ടാകാം. അപൂർവ്വങ്ങളായ സസ്യസമ്പത്തിനെ, വന്യ ജീവികളെ, തലമുറകളുടെ കാവൽക്കാരായ മലനിരകളെ ഇടിച്ചു നിരത്തി, സഭയ്ക്കു വൻ സംഭാവനകൾ നൽകാൻ കഴിവുള്ള മാഫിയകളെ വാഴിക്കണമോ...." ഹൈവേയിൽ കൂടി ചീറിപ്പായുന്ന വാഹനങ്ങളുടെ നിലയ്ക്കാത്ത പ്രവാഹത്തിൽ കണ്ണൂന്നി ബാബു ആത്മഗതമെന്നപോലെ പറഞ്ഞു. "പ്രകൃതിക്കും വേദനകളില്ലേ..."

വാർത്തയുടെ ഉള്ളറിഞ്ഞവനെപ്പോലെ മാത്തൻ പറഞ്ഞു "രൂപതകൾക്ക് സംരക്ഷിക്കാൻ അവരുടെ താല്പര്യങ്ങളുണ്ട്. അതുകൊണ്ടു തന്നെ അവർ ഒരു രാഷ്ട്രീയ വിലപേശലിന് തയ്യാറെടുക്കയാണ്. കിട്ടേണ്ടതു കിട്ടിക്കഴിഞ്ഞാൽ ആമയെപ്പോലെ അടുത്ത ഊഴത്തിനായി അവർ തല ഉള്ളിലേയ്ക്ക് വലിക്കും. ഇത് രൂപതകളുടെ മാത്രം പ്രശ്നമല്ല. നാലോട്ടിനു വേണ്ടി ഇതിനൊക്കെ വഴങ്ങിക്കൊടുക്കുന്ന രാഷ്ട്രീയക്കാരാണ് ശരിക്കും പ്രതികൾ. പൊതുജനം ആൾക്കൂട്ടമാണ്. അവർക്ക് അഭിപ്രായമില്ല. അവരെ നയിക്കേണ്ടവനാണ് നേതാവ്. നേതാവിന് കാഴ്ചയില്ലെങ്കിൽ, പ്രകൃതിയെ സ്വന്തം പത്തായത്തിൽ വച്ചു പൂട്ടാൻ കൊതിക്കുന്നവർക്കൊക്കെ കുട പിടിക്കയേ നിവൃത്തിയുള്ളൂ. നമ്മുടെ രാഷ്ട്രീയം അടിമുടി മാറേണ്ടിയിരിക്കുന്നു. മാത്തൻ ഒരാൾക്കൂട്ടത്തെ അഭിസംബോധന ചെയ്യുന്നവനെപ്പോലെ ആവേശഭരിതനായിരുന്നു.


എന്തോ ഉള്ളിൽ നിന്നും പൊന്തിവന്ന ചിന്തയെ അമർത്തി ചാക്കോച്ചൻ എന്നും അങ്ങനെയാണ്. ഒന്നും വിട്ടു പറയില്ല. ഓരോ വാക്കുകളും അളന്നു മുറിച്ചേ പുറത്തു വിടൂ. അയാൾ എല്ലാത്തിലുമുണ്ട്. എന്നാൽ ഒന്നിലും ഇല്ല. എല്ലാവരുടേയും സുഹൃത്ത്... എന്നാൽ ആരുടേയും സ്നേഹിതനല്ല. കൂട്ടത്തിൽ ആർക്കെങ്കിലും ഒരത്യാഹിതം ഉണ്ടായെന്നിരിക്കട്ടെ, ചാക്കോച്ചൻ പിന്നെ അവിടെക്കാണില്ല. പിന്നെ പറയും ആംബുലൻസ് തിരക്കി പോയതായിരുന്നുവെന്ന്. വാലറ്റിൽ നയാപൈസ കാണില്ല. പക്ഷേ അത്യാവശ്യം വന്നാൽ എല്ലാവരേക്കാളും മുന്നിൽ വാലറ്റെടുക്കും. ഒടുവിൽ അയ്യോ മറന്നു, പൈസയെടുത്തില്ല. ഇത്തരം അഭ്യാസങ്ങൾ കണ്ടു കണ്ട്, ചാക്കോച്ചനെ ഒരു തമാശക്കാനായേ എല്ലാവരും കാണാറുള്ളൂ. എന്നാലും ചാക്കോച്ചനെ ആരും ഒഴിവാക്കാറില്ല. എല്ലാവരും ഇഷ്ടപ്പെടുന്ന എന്തോ ഒന്ന് അയാളിലുണ്ട്. ഇന്ന് കൂട്ടായ്മയിലെ പലരും എത്തിയിട്ടില്ല. ബാബു എല്ലാവരേയും അടുപ്പിക്കുന്ന സഹകാരി. സ്വയം ഏറ്റെടുത്ത സേവനം.

രാമചന്ദ്രന്റെ മൗനം കണ്ടിട്ട് ബാബു ചോദിച്ചു. "എന്താടോ തനിക്കൊരു മ്ലാനത".

ആകാശത്തിൽ ഒഴുകി നടക്കുന്ന വെൺമേഘങ്ങളെ നോക്കി പതിയെ രാമചന്ദ്രൻ പറഞ്ഞു "നമ്മൾ ആകാശത്തിന് കീഴെയുള്ള എല്ലാ വിഷയങ്ങളും ചർച്ച ചെയ്യുന്നു. എപ്പോഴെങ്കിലും നമ്മൾ നമ്മളിലേക്കിറങ്ങി വന്നിട്ടുണ്ടോ?" ഈ മാസം നാല് മലയാളിക്കുട്ടികളെയാണ് കാണാതെ പോയിരിക്കുന്നത്. ഒരു നീണ്ട നിശ്വാസത്തോട് രാമചന്ദ്രൻ അകലങ്ങളിലേവിടെയ്ക്കോ നോക്കിയിരുന്നു. എല്ലാവരുടെയും കണ്ണുകളിൽ ഭയത്തിന്റെ നിഴൽ. അവൻ പടിവാതിലിൽ മുട്ടിവിളിക്കുന്നതു പോലെ. അടുത്ത ഇര ആരുമാകാം. ഈ കുടിയേറ്റ ഭൂമിയിൽ, പൊന്തിവരുന്ന ഓരോ കതിരുകളേയും സൂക്ഷിക്കാനായി ഏറുമാടത്തിലെന്നപോലെ കാവലിരുന്നവർക്കേ നഷ്ടപ്പെട്ടതിന്റെ വേദന അറിയുള്ളൂ. രാമചന്ദ്രന് ആ വേദന അറിയാം. അയാൾ നഷ്ടപ്പെട്ടവനാണ്.

"രാമചന്ദ്രൻ പറഞ്ഞ വിഷയം ചർച്ച ചെയ്യപ്പെടേണ്ടതാണ്. പക്ഷേ നമുക്ക് എന്തു ചെയ്യാൻ പറ്റും....? നാം ഒരു സമൂഹമാകു


We Are Relocating To A Better And Bigger Place To Serve You Better.
Find Every Thing Under One Roof
* Frozen foods
* Frozen and fresh fish
* Dry fish
* Dry foods
* Organic dal
* Flours
* Masala and rice
VANI FOODS
We carry All Puja product And Idols
New Location
38350 W 10 Mile Rd
Farmington, MI 48335
New
Old


metro CARPET & FLOORS
Carpet
Flooring
Rugs
Countertops
Best Prices
Guaranteed
Our mass inventory of carpet and flooring option allows us to beat any price ! See for yourself and schedule an estimate today !
Free Estimate
Free Finance
Free Labor
6465 N. Telegraph Rd Dearborn Heights, MI 48127 313-274-1600
29955 Orchard Lake Rd Farmington hills, MI 48334 248-932-4100
42170 Ford Rd Canton, MI 48187 734-844-8400
3750 Dixie Highway Waterford, MI 48239 248-618-8200

ന്നതിനു മുമ്പ് വ്യക്തികളാണല്ലോ... കാര്യങ്ങൾ തികച്ചും വ്യക്തിപരമാകുമ്പോൾ, സമൂഹം എങ്ങനെ ഏറ്റു പിടിക്കും. എന്നാലും ചോദിച്ചു പോകുകയാണ് എന്തേ നമ്മുടെ കുട്ടികൾ"? ബാബു എല്ലാവരോടും എന്നതിനേക്കാൾ ആത്മഗതമായി ചോദിച്ചു, എന്നിട്ട് ഉത്തരം ഉറപ്പില്ലാത്തവനെപ്പോലെ തുടർന്നു" വേരുകളില്ലാത്ത ഒരു രാജ്യത്ത്, തികച്ചും വിഭിന്നമായ ഒരു സംസ്കാരത്തിലേയ്ക്ക് പറിച്ചു നടപ്പെടുന്ന നമ്മുടെ കുട്ടികൾ പതറിപ്പോകുകയാണോ? ഇടം വലം നിൽക്കുന്ന ചില്ലകളിലേയ്ക്ക് കൂട്ടുകൂടാൻ തൊട്ടും മണത്തും അവർ അടുക്കുമ്പോൾ അപരിചിതത്വത്തിന്റെ കറുത്ത മുഖങ്ങൾ കാണുന്നു. വീടിനകത്തെ മനുഷ്യനെ ഉപേക്ഷിക്കാനാകാതെ പുറത്തെ മനുഷ്യനെ കൈയെത്തിപ്പിടിക്കാൻ കൊതിക്കുന്ന ഇരട്ട വ്യക്തിത്വം പേറാൻ വിധിക്കപ്പെട്ട നമ്മുടെ കുട്ടികളുടെ ഉള്ളിൽ രൂപപ്പെടുന്ന ചുഴികൾ നമ്മൾ കാണാതെ പോകുകയാണോ? ചിലരെങ്കിലും നിരാശയുടെ പടുകുഴിയിലേയ്ക്ക് ഉതിർന്നു വീഴുന്നു." ഒരു ദീർഘ നിശ്വാസത്തോട് ബാബു രാമചന്ദ്രനെ നോക്കി.

മാത്തൻ ഒരു സത്യം തുറന്നു കിട്ടിയവനെപ്പോലെ പറഞ്ഞു "ബാബു! താൻ പറഞ്ഞതിന് ഒരു മറുവശം കൂടിയുണ്ട്. നമ്മുടെ കുട്ടികൾ ഒരു ശരാശരി അമേരിക്കക്കാരനെക്കാൾ ധനികരാണെന്നുള്ളതാണ്. ജീവിതസുഖങ്ങൾ അനുഭവിക്കുന്നവരാണ്. അപ്പനും അമ്മയും വേർപിരിഞ്ഞവർ, അർദ്ധസഹോദരങ്ങൾക്കൊപ്പം ജീവിതം പങ്കിടേണ്ടവർ... ഒറ്റപ്പെട്ടവർ. നമ്മുടെ കുട്ടികൾക്ക് ചിലപ്പോൾ അതാണു ജീവിതം എന്ന് തോന്നുന്നതാകാം. ശരി തെറ്റുകളല്ല അവരെ നയിക്കുന്നത്. കാഴ്ചകളും വർണ്ണങ്ങളുമാണവരുടെ കണ്ണുകളിൽ. അറിവില്ലാത്ത അച്ഛനമ്മമാരുടെ സ്വപ്നങ്ങളുടെ അടിത്തറ മാന്തി അവർ സ്വയം രസിക്കുന്നു. അമിത പരിഗണനയാൽ പലരും ചീമുട്ടയായി മാറുന്നില്ലെ..." താൻ പറഞ്ഞതിൽ പതിരുണ്ടോ എന്നറിയാൻ മാത്തൻ എല്ലാവരേയും നോക്കി. ഏതൊരു വിഷയത്തേയും സൈദ്ധാന്തികമായി അപഗ്രഥിക്കുന്നതിലാണ് മാത്തന് താല്പര്യം.

"മാത്തൻ പറഞ്ഞതിലും കാര്യമില്ലാതില്ല." രാജൻ അല്പം വൈകി വന്നതെങ്കിലും ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞു. "നമ്മൾ മാതാപിതാക്കൾ കാലഹരണപ്പെട്ട അന്തഃസ്സിന്റെ അസ്ഥികൂടവും പേറി നടക്കുന്നവരാണ്. എല്ലാവർക്കും മക്കൾ ഡോക്ടറും, ഫാർമസിസ്റ്റ്, ലോയറും ഒക്കെ ആയാൽ മതി. തുമ്പികളെക്കൊണ്ട് കല്ലെടുപ്പിക്കുന്ന പോലെ അവർ കുട്ടികളെ നിർബന്ധിക്കുന്നു. കുട്ടികൾ ഭാരം താങ്ങാനാകാതെ പകുതി വഴിയിൽ നട്ടം തിരിയുന്നു. ചിലരെങ്കിലും എല്ലാത്തിനോടും കലഹിക്കുന്നു. താൽക്കാലിക മോചനത്തിന്റെ വഴികൾ തേടുന്നു. മൂന്നു മക്കളേയും ഡോക്ടറും ലോയറുമാക്കിയവൻ, മണ്ടനായ അയൽക്കാരനെ നോക്കി പരിഹസിക്കുന്നു. കണ്ടോ പത്തു വർഷമായി പഠിക്കുന്നു. ഇനി എന്താണാവോ...? ഇത് നമ്മുടെ അടിസ്ഥാനസ്വഭാവമാണ്. നമുക്കൊരു പ്ലംബറെയോ മെക്കാനിക്കിനെയോ വേണ്ടേ.... തൊലിപ്പുറത്തെ ഇത്തരം മേനിപറച്ചിലുകൾ മാറ്റി, കുട്ടികൾ അവരുടെ വഴികൾ തിരഞ്ഞെടുക്കട്ടെ." എന്തൊക്കെയോ ഇനിയും പറയാൻ ബാക്കി വച്ച് രാജൻ നിർത്തി.

"അവരുടെ തിരഞ്ഞെടുപ്പുകളൊക്കെയും ശരിയായിരുന്നുവോ....." രാമചന്ദ്രൻ സ്വയം ചോദിക്കയായിരുന്നു. എന്തൊക്കെയോ അയാളുടെ കണ്ണിനു മുന്നിൽ കാണുന്ന പോലെ. രാമചന്ദ്രന്റെ ഐഫോൺ തവള കരഞ്ഞു. ഫോണിൽ തെളിഞ്ഞ സന്ദേശം വായിച്ചപ്പോൾ നെടുവീർപ്പിട്ട് പറഞ്ഞു. "നാലാമന്റെ ശരീരം പാർക്കിംഗ് ലോട്ടിൽ കാറിനുള്ളിൽ കണ്ടെത്തിയിരിക്കുന്നു. ഒരാഴ്ചയായുള്ള കാത്തിരിപ്പിന് പരിഹാരമായിരിക്കുന്നു."

"കണ്ടെത്തേണ്ടിയിരുന്നില്ല. നാളെ തിരിച്ചു വരുമെന്ന പ്രതീക്ഷയെങ്കിലും ബാക്കിയാകുമായിരുന്നു. ബാബു പറഞ്ഞു. രാമചന്ദ്രന്റെ കണ്ണുകളിൽ നീർ പൊടിഞ്ഞു. നഷ്ടപ്പെടുന്ന ഓരോ മക്കളേയും ഓർത്തയാൾ കരയുകയാണ്. കരയാതിരിക്കാൻ അയാൾക്ക് കഴിയുമായിരുന്നില്ല. ലോകത്തിൽ എവിടെ ഒരു കുഞ്ഞു നഷ്ടപ്പെട്ടു എന്നു കേട്ടാലും ആരും കാണാതയാൾ കരയും. ഭാനുവിനെ അറിയിക്കാതിരിക്കാൻ ശ്രമിക്കും.

ഇന്ന് ജഡമായവന്റെ മാതാപിതാക്കൾ കരയുകയാണ്. ഒരിക്കലും അവസാനിക്കാത്ത വിലാപങ്ങൾ. എന്തിനാക്കുട്ടി അങ്ങനെ ചെയ്തു. എന്തെങ്കിലും കാരണം.... എന്തെങ്കിലും കാരണം... എല്ലാവരും ആകാംക്ഷാഭരിതരായി രാമചന്ദ്രനെ നോക്കി. രാമചന്ദ്രൻ കൂടുതൽ മൗനിയായി. പോലീസിന്റെ നിഗമനം ആത്മഹത്യ എന്നാണ്. രാജൻ തുടരെ വന്നു കൊണ്ടിരിക്കുന്ന മെസേജിനെ അവരുടെ അറിവിലേയ്ക്കായി വിതറി. എല്ലാവരുടെയും മുഖത്ത് അവിശ്വസനീയതയുടെ നിഴൽ. ഇത്ര ദിവസം എവിടെയായിരുന്നു. ഒരുത്തരം എല്ലാവരും പ്രതീക്ഷിക്കുന്നു. അവിഹിത കൂട്ടുകെട്ടിൽ അകപ്പെട്ടതോ... സന്ദേഹികൾ പരസ്പരം നോക്കി. ഇനി കുറെ ദിവസങ്ങൾ ഓരോരുത്തരും അവരവരുടെ കാല്പനികതയ്ക്കൊക്കെവിധം കഥകൾ മെനയട്ടെ. മാതാപിതാക്കളെ പ്രതിക്കൂട്ടിൽ കയറട്ടെ. രാത്രിയും പകലും കുട്ടികൾ എവിടെയെന്നു നോക്കാൻ അവർക്ക് സമയമില്ലായിരുന്നു. കുറ്റപ്പെടുത്തലുകാരുടെ നീണ്ട നിര... നഷ്ടപ്പെട്ടവൻ.. തണൽ നൽകേണ്ടവൻ പ്രാണനായിരുന്നവൻ... അവനിന്നില്ല. അതാണ് സത്യം. ആ സത്യവുമായി ആ കുടുംബം പൊരുത്തപ്പെടട്ടെ. അവർക്കതിന് ബലം കിട്ടട്ടെ. രാമചന്ദ്രൻ ഉള്ളുരുകി പ്രാർത്ഥിച്ചു...

> എന്തൊക്കെയോ അയാളുടെ കണ്ണിനു മുന്നിൽ കാണുന്ന പോലെ. രാമചന്ദ്രന്റെ ഐഫോൺ തവള കരഞ്ഞു. ഫോണിൽ തെളിഞ്ഞ സന്ദേശം വായിച്ചപ്പോൾ നെടുവീർപ്പിട്ട് പറഞ്ഞു. "നാലാമന്റെ ശരീരം പാർക്കിംഗ് ലോട്ടിൽ കാറിനുള്ളിൽ കണ്ടെത്തിയിരിക്കുന്നു. ഒരാഴ്ചയായുള്ള കാത്തിരിപ്പിന് പരിഹാരമായിരിക്കുന്നു."

ആരോടും ഇന്നും ഉരിയാതയാൾ എഴുന്നേറ്റു. "നിങ്ങൾ ഇരിക്കിൻ..." അയാൾ നടന്നു.

രാമചന്ദ്രൻ ആസ്വാസ്ഥ്യം എല്ലാവരേയും വേദനിപ്പിച്ചു. വർഷം അഞ്ചു കഴിഞ്ഞു. ഇനിയും അയാളും ഭാനുവും ആ ദുരന്തം മറന്നിട്ടില്ല. ഒരേയൊരു മകൻ. പതിനെട്ടിലെ ഒരു രാത്രിയിൽ കൂട്ടുകാരന്റെ ബർത്ത്ഡേയ്ക്ക് പോയതാ.... കൂട്ടുകാർ താങ്ങി എടുത്ത് ബഡ്റൂമിൽ കിടത്തി. എന്തൊക്കെയോ അവർ അവനെ കുടിപ്പിച്ചിരുന്നു. ഉറക്കത്തിൽ അവൻ പതിയെ മൃത്യവിലേയ്ക്ക് നടന്നു. കരുതിക്കൂട്ടിച്ചെയ്ത ഒരു കൊലപാതകം. തെളിവുകളില്ല. വാൽഡിക്ടേഫറിയനായിരുന്നവനോടുള്ള കണക്ക് തീർക്കാൻ അവർ അവസരം തേടി നടക്കുകയായിരുന്നു. എവിടെയും ചതിക്കുഴികൾ. ഭാനു ഒന്നും അറിയാത്തവളെപ്പോലെ മുറ്റത്തെ ചെടിച്ചട്ടിയിൽ നിന്നും പറിച്ചെടുത്ത ഒരു പിടി മുല്ലമൊട്ടുകൾ കൊണ്ട് മാല കോർക്കാനുള്ള പുറപ്പാടിലായിരുന്നു. അവളുടെ കണ്ണുകൾ ഓർമ്മകളാൽ നനവാർന്നിരുന്നു.


miindia.com®
bringing community together!
Serving the community since 1999
Community Events and Movies
Free Ads Buy/Sell a Car, House or Computer
ADVT
Yellow Pages / Business Directory
Special Deals and Discounts
Jobs and Computer Training
JOB
Entertainment, TV Serials & Movies
Message Board
Roommate Search
Grow your business! Market to the Indian Community in Michigan!
Network with thousands everyday!
For feedback and advertising, email to info@miindia.com or visit www.miindia.com
facebook.com/MiindiaPortal
miindia Mobile App
mi
Now available on iOS and Android. Download Now!
Google play
App Store


URON Tax & Financial Services, LLC
"Your One-Stop Station For Tax Preparation, Representation, & Investments"
3098 Bennington Dr
Wixom, MI 48393
Cell: 248-921-9941
Phone: 248-624-2511
Fax: 248-679-1553
Email: gtvann@aol.com
George T. Vannilam MS, EA, MBA
President
Fellow, National Tax Practice Institute (NTPI)
Enrolled Agent Authorized to Represent You Before IRS
www.NAEA.org www.MiSEA.org
www.UronTax.com



# പുതപ്പ്

**മഞ്ജു പി.**

പുതപ്പിനടിയിൽ എന്താണിത്ര ചൂട്? അയാൾക്ക് ദേഷ്യം പിടിക്കുന്നുണ്ടായിരുന്നു. സാധാരണ ദേഷ്യം പിടിക്കുമ്പോൾ ചെയ്യുന്നതു പോലെ അവൾക്കിട്ടു നാല് പറഞ്ഞു. അല്ല പിന്നെ!

ഉറങ്ങുമ്പോൾ ഇത്ര ചൂടില്ലായിരുന്നു.

ഇവളിതെന്താ കേൾക്കാത്ത ഭാവം? ആ...അല്ലേലും ഇവളൊരു നിർവികാരപരബ്രഹ്മം തന്നെയാ. അയാൾക്ക് ചിരി പൊട്ടി. വലിയ വലിയ വാക്കുകൾ. അതിന് കാരണവുമുണ്ട്.

എന്റെ കയ്യും പിടിച്ചു ഈ വീട്ടിൽ കേറിയപ്പോൾ മുതൽ ഇവളിങ്ങനാ. ആദ്യത്തെ രാത്രി പേടിച്ചു വിറച്ചു തന്റെ മുഖത്ത് നോക്കുക പോലും ചെയ്യാതെ മുഖം കുനിച്ചു നിന്ന അന്ന് തുടങ്ങി ഇന്ന് വരെ, അവളെ ഞാൻ ഇവിടെ ആളാവാൻ വിട്ടിട്ടില്ല. അതെങ്ങനെ? ഞാനൊരാണല്ലേ. ഭർത്താവ്. അയാൾ അമർത്തി മൂളി. അവളെ എന്നും വല്യ ഇഷ്ടമൊക്കെത്തന്നെ. പക്ഷെ കാണിക്കാൻ പാടില്ലല്ലോ. തലയിൽ കേറും ഈ പെണ്ണുങ്ങൾ.

അതിനുശേഷം എത്രയെത്ര രാത്രികൾ!

സ്നേഹത്തോടെ രണ്ടു വാക്ക് പറയാൻ നാവ് തരിക്കും. പക്ഷെ പുറത്തു വരില്ല. നിലാവിന്റെ വെളിച്ചത്തിൽ അവൾ പലപ്പോളും എന്നെ പാളി നോക്കിയത് കണ്ടിട്ടും, കാണാത്ത പോലെ എത്ര തവണ കിടന്നിരിക്കുന്നു. ഞാനാരാ മോൻ. അവൾ തലയിണയിൽ മുഖം അമർത്തി കരയുമ്പോൾ, ഞാൻ അറിയാത്ത മട്ടിൽ മേലിൽ കൈ വെക്കാറുണ്ട്. പക്ഷെ തഴുകാൻ നേരം എന്തോ ഒരു തടസ്സം പോലെ. കൈ നീങ്ങാറില്ല.

ആ.. പോട്ടെ...

ഈ ചൂട് സഹിക്കാൻ പറ്റുന്നില്ല. ഇവൾക്ക് ഒന്ന് വീശിത്തന്നു കൂടേ? അല്ലങ്കിൽ തന്നെ ഈയിടെയായി തന്റെ കാര്യത്തിൽ അവൾക്ക് ഒരു ശ്രദ്ധയുമില്ല. അതെങ്ങനാ. വീട്ടിലെ മുഴുവൻ കാര്യക്കാരിയല്ലേ, പണ്ടേയ്ക്കും പണ്ടേ. രാവിലെ നാല് മണി മുതൽ തുടങ്ങുന്ന അവളുടെ ദിവസങ്ങളെപ്പറ്റി ഓർക്കാറുണ്ടെങ്കിലും ഇതുവരെ പരിതപിച്ചിട്ടില്ല. എന്ത് ചെയ്യാനാ? ഭാര്യമാർ അങ്ങനെ തന്നെ വേണം. അമ്മേടെ കുത്തുവാക്കൊക്കെ കേട്ടാലും എല്ലാം ചെയ്യുമായിരുന്നു പാവം. എന്നാലും മോളെക്കൊണ്ടു ഒരു സ്പൂണെടുപ്പിക്കണത് പോലും എനിക്ക് ഇഷ്ടമല്ലാന്നു അവൾക്കറിയാം. അങ്ങനൊരു ഗുണമുണ്ടവൾക്ക്. എല്ലാം അറിഞ്ഞു പെരുമാറിക്കോളും.

മോൾക്കും മോനും വേണ്ടതെന്താന്ന് ഓഫീസിൽ പോവുമ്പോ ചോദിക്കാറുണ്ടായിരുന്നു എന്നും. ഒരിക്കൽപ്പോലും അവളുടെ ആവശ്യങ്ങൾ ചോദിച്ചിട്ടില്ലല്ലോ എന്നയാൾ അതിശയത്തോടെ ഓർത്തു. മക്കൾ മുതിർന്നപ്പോൾ എല്ലാ കാര്യത്തിലും അവരുടെ അഭിപ്രായങ്ങൾ കേട്ടു. അന്നും അവളോട് ഒന്നും ചോദിച്ചില്ല. അല്ലാ, അവൾക്കു അത്രക്ക് വിവരോം ഇല്ല. വീടിന്റെ മുറ്റോം തൊടിയും അമ്പലോം അടുക്കളേം ആയി കഴിയണ അവൾക്കെന്തറിയാം! പാവം.

മോൾ കല്യാണം കഴിഞ്ഞു പോയപ്പോ, എല്ലാ ആഴ്ചയും ഒന്ന് കണ്ടില്ലെങ്കിലുള്ള എന്റെ വിമ്മിട്ടം കണ്ടു അവൾ ആശ്വസിപ്പിച്ചത് ഓർമ്മ വന്നു. അവളെ ഞാൻ ആറു മാസത്തിൽ ഒരിക്കൽ പോലും സ്വന്തം വീട്ടിൽ വിടാറില്ലായിരുന്നല്ലോ എന്ന് അപ്പോഴാണ് ഓർത്തത്. സാരമില്ല. അവൾക്ക് പരാതി ഒന്നും കാണില്ല. ഇന്ന് വരെ ഒരു പരാതിയും പറഞ്ഞിട്ടുമില്ല. മോൻ ദൂരെ പോയപ്പോളും, അവൾ വന്നു എന്റെ കൈ അമർത്തിപ്പിടിച്ചു, 'ഞാനുണ്ടല്ലോ പിന്നെന്താ' എന്നു പറയാതെ പറഞ്ഞു. അപ്പോൾ അവളെ തിരിച്ചു ആശ്വസിപ്പിക്കാത്തത് കണ്ണുനീരിൽ കാഴ്ച മങ്ങിയിട്ടാണ്. അല്ലാതെ സ്നേഹമില്ലാഞ്ഞിട്ടല്ല. അയാൾ ഒന്ന് തേങ്ങി.

അവളെ ആരും കാണാതെ ഒന്നമർത്തി കെട്ടിപ്പിടിക്കാൻ തോന്നി അയാൾക്ക്. താൻ ഉറങ്ങി എന്ന് കരുതി പതുക്കെ തന്റെ നെഞ്ചിൽ തല ചായ്ച്ചുറങ്ങുന്ന ഒരു ഇരുപതുകാരി ഓർമകളിൽ തെളിഞ്ഞു. താൻ ഒന്നു ഞരങ്ങുമ്പോളേയ്ക്കും ഞെട്ടി മാറിക്കിടക്കും. അവൾ കാണാതെ അമർത്തി ചിരിച്ചിട്ടുണ്ട് അന്നൊക്കെ. അല്ലാ, അവൾ ഉറങ്ങുമ്പോൾ, ഞാൻ ഉമ്മ വെച്ചതൊക്കെ അവളും ഇത് പോലെ അറിഞ്ഞു കാണുമോ? അയ്യോ, ആകെ നാണക്കേടാവൂലേ? ഏയ്! ഉണ്ടാവില്ല, ഉണ്ടേൽ തലയിൽ കേറിയേനെ, തലയണമന്ത്രം ചൊല്ലിത്തന്നേനെ.

അവളൊരു കൊച്ചുസുന്ദരി തന്നെ ആയിരുന്നു. നാണിച്ചും പേടിച്ചും മാത്രം തന്റെ കൂടെ നിന്ന ഒരു പാവം. ഈ നശിച്ച ചൂട്. ഇനി കറണ്ടു പോയതാവുമോ ആവോ. ഇവളിതെവിടെ പോയി കിടക്കുന്നു! അമ്പലത്തിലെങ്ങാനും പോയോ ആവോ. എനിക്കൊരു പനി വന്നാൽ ഓടും അവിടേയ്ക്ക്. വഴിപാടും ശുശ്രൂഷയും. പുറത്തു കാണിക്കാറില്ലെങ്കിലും അവളങ്ങനെ അടുത്തിരിക്കുന്നത് എന്നും എനിക്കിഷ്ടമാണ്.

എത്ര രാത്രികളിൽ അവൾ ഉറങ്ങാതെ കാവലിരുന്നിട്ടുണ്ട്. മക്കളുടെ പരീക്ഷയും ഇന്റർവ്യൂവും എല്ലാം അവൾക്ക് ശിവരാത്രികൾ തന്നെയായിരുന്നു സമ്മാനിച്ചത്. അവൾക്ക് പകൽ ജോലിക്കൊന്നും പോവണ്ടല്ലോ. അത് കൊണ്ട് കുഴപ്പമില്ല. അയാൾ സ്വയം സമാധാനിച്ചു.

പക്ഷെ മക്കൾക്കെന്നും എന്നോടായിരുന്നു പഥ്യം കൂടുതൽ. അഭിമാനത്തോടെ അയാൾ ഓർത്തു. അത് കൊണ്ട് തന്നെ ഉള്ള സ്വത്തും സമ്പാദ്യവും എല്ലാം അവർക്കെഴുതി വെച്ചു. അങ്ങനെയല്ലേ വേണ്ടത്. അടുക്കളയ്ക്ക് പുറത്തൊരു ജീവിതം അവർക്കല്ലേ ഉള്ളത്. അവൾ എന്നും എന്റെ കൂടെ മാത്രമല്ലേ കാണൂ. അവളെയും കൊ

ണ്ട്  ചില സ്ഥലങ്ങളിലൊക്കെ പോകണം. പാവം ഒന്ന് കൈ പിടിച്ചു പോലും എങ്ങും കൊണ്ടുപോയിട്ടില്ല. എല്ലാം കഴിഞ്ഞ് സ്വസ്ഥമാകട്ടെയെന്ന് വച്ചു. അല്ല, അത് മതി. സമയമുണ്ടല്ലോ.

ഇത് ഞാൻ പറയുമ്പോൾ എന്തായിരിക്കും സന്തോഷം. പണ്ടൊരു സാരി വാങ്ങിക്കൊടുത്ത ദിവസം ആരും കാണാതെ പിന്നിലൂടെ വന്നു എന്റെ കവിളിൽ ഒരുമ്മ തന്നിട്ടുണ്ട്. മേലും മനസ്സും കുളിരു കോരിയിട്ടും ആ സമയം പുറത്തു വന്നത്, എന്റെ തീ പാറുന്ന നോട്ടമാണ്.

'എന്താ നിനക്ക്? അമ്മയോ അച്ഛനോ കണ്ടോണ്ടു വന്നാ കഴിഞ്ഞു. ഇത്തിരി കൂടി പക്വത കാണിച്ചൂടെ?'

ഇരുപതോ ഇരുപതൊന്നോ വയസ്സിൽ തന്റെ മോൾക്കെത്ര പക്വത ഉണ്ടായിരുന്നു എന്നോർത്ത് അയാൾ ചിരിച്ചു പോയി. പിന്നീടൊരിക്കലും അവൾ അങ്ങനെ ചെയ്തിട്ടില്ല.

സാരമില്ല. എല്ലാരുടെ മുന്നിലും ഇരുത്തം വന്ന ദമ്പതികളാവാൻ കഴിഞ്ഞല്ലോ. അയാൾ നഷ്ടബോധത്തോടെ ചിരിച്ചു.

ഇതാരൊക്കെയാ ഒച്ച വെക്കുന്നത്?

'ഇവരിനിയും പോയില്ലേ? നിങ്ങളോടു പറഞ്ഞതല്ലേ സമയമായീന്ന്?'

മോന്റെ ഭാര്യ.. ഈ കുട്ടിക്ക് നല്ല തന്റേടമാണ്. ഇവളെപ്പോലല്ല. നല്ല കാര്യഗൗരവം. ആരോടാണാവോ.

ഒരു ചിലമ്പിച്ച ശബ്ദം അയാൾ കേട്ടു:

'മോളെ ഇത്തിരി നേരം കൂടി ഞാൻ ഇവിടിരുന്നോട്ടെ'

'അല്ലാ.. ഇവളിവിടെ താഴെ ഇരിപ്പുണ്ടായിരുന്നോ.. ഇത്ര നേരം ഞാൻ വിളിച്ചു കൂവിയിട്ടും ഇവൾ കേട്ടില്ലേ?

നല്ല ചീത്ത വിളിച്ചു അയാൾ:

'നിന്നോട് എത്ര നേരായി പറയുന്നു ചൂട് ചൂടെന്ന്. ഒരു  ശ്രദ്ധ ഇല്ല ഒന്നിലും. കഴുത'.

ഇവൾക്ക് ഒരു ഭാവഭേദോമില്ല. ഇവളുടെ ചെവി പൊട്ടിയോ?

'വേണ്ട. വൃദ്ധസദനത്തിന്റെ വണ്ടി വന്നു. പോവാൻ നോക്ക്... ഉം... ഞങ്ങൾ ഇതും വിറ്റിട്ട് പോവുമ്പോ നിങ്ങളെ തെരുവിലിറക്കീന്നു പറയണ്ടാന്ന് കരുതീട്ടാ. അല്ലാതൊന്നുവല്ല.. ഒരു സെന്റിമെന്റ്സ്! വേഗം ഇറങ്ങാൻ!'

അയാൾ ചാടി എണീക്കാൻ നോക്കി.

'ആരാടീ നീ എന്റെ ദേവൂനെ ഇറക്കി വിടാൻ! ഞാനുള്ളടത്തെ അവളും കാണൂ.'

'എന്റെ ദേവു' എന്ന് കേട്ടപ്പോൾ അവളൊന്നു ഞെട്ടിയോ..പിന്നെന്തേ തിരിഞ്ഞു നോക്കാത്തെ?

'ദേവൂ..... നീ പോവാണോ. ഞാൻ എന്ത് ചെയ്യുമെടീ ഒറ്റയ്ക്ക്. നീയില്ലാതെ ഞാൻ. എനിക്കൊന്നും അറിയില്ലെടീ. നീ വെറുതെ എന്റെ അടുത്തിരുന്നാ മതി. നിന്നെ എനിക്ക് വല്യ ഇഷ്ടാണ് മോളെ.'

അയാളുടെ ഒച്ച ഗദ്ഗദത്താൽ തൊണ്ടയിൽ കുരുങ്ങി.

ആവൂ... അവൾ തിരിച്ചു വരുന്നുണ്ട്. ഞാൻ വിളിച്ചാ വരാതിരിക്കാൻ അവൾ ഇനി വേറെ ജന്മം ജനിക്കണം. അയാൾ അഹങ്കാരത്തോടെ കണ്ണ് നിറഞ്ഞു ചിരിച്ചു. പൊട്ടിപ്പൊട്ടിച്ചിരിച്ചു. അവൾ മെല്ലെ അയാൾക്കരികിലെത്തി. ഇടറുന്ന ശബ്ദത്തിൽ പറഞ്ഞു:

'ഉണ്ണ്യേട്ടാ.. ഞാൻ പോവാണ്. ഒറ്റ പ്രാർത്ഥനമാത്രേ എനിക്കുള്ളൂ...അടുത്ത ജന്മത്തിലും എന്റെ ഉണ്ണ്യേട്ടന്റെ കൈ കൊണ്ട് തന്നെ ഈ സിന്ദൂരരേഖ ചുവക്കണേന്ന്'.


അവൾ തുളുമ്പുന്ന മിഴികളോടെ ആ ചിരാത് കെടുത്തി മെല്ലെ നടന്നകന്നു. അയാളുടെ ചൂടു മാറി..പതുക്കെ പതുക്കെ മണ്ണിന്റെ തണുപ്പ് അയാളെ പൊതിഞ്ഞു.

'ദേവൂ.. എനിക്ക് തണുക്കുന്നെടി.. ഒന്ന് പുതപ്പിച്ചു താ'

അയാൾ അലറി വിളിച്ചത് കേട്ട് അവൾ തിരിച്ചു വരുമെന്നു കൊതിച്ചു.

അവൾ ഉപേക്ഷിച്ചു പോയ ആ തൊടിയും അവളുടെ സിന്ദൂരരേഖ പോലെ ശൂന്യമായ അയാളുടെ മനസ്സും.

മെല്ലെ മെല്ലെ ആ പിൻവിളികൾ മണ്ണിൽ അലിഞ്ഞലിഞ്ഞില്ലാതായി...





ദീപക് റ്റി.ആർ.

# ജോണി വാക്കർ

എന്റെ പേര് ജോണി. ജോണി വാക്കർ! എന്റെ അപ്പച്ചൻ എന്തുകൊണ്ടാണ് അങ്ങനെയൊരു പേരിട്ടതെന്ന് എനിക്കറിയില്ല. പേര് വളരെ ഫ്രീക്കൊക്കെയാണെങ്കിലും വിളിക്കാൻ അല്പം ബുദ്ധിമുട്ടാണ്.

എന്റെ അമ്മ ജോണിക്കുട്ടാ, ജോണിക്കുട്ടി, പിന്നെ ചിലപ്പോൾ സ്നേഹം കൂടുമ്പോൾ മരമാക്രി എന്നൊക്കെയാണ് വിളിക്കാറ്.

ഞാൻ ജനിച്ച സമയത്ത് എന്റെ അപ്പച്ചൻ ദുബായിലായിരുന്നു. ഞാൻ ജനിച്ചു കുറച്ചുകാലം കഴിഞ്ഞപ്പോൾ അപ്പച്ചൻ ജോലി രാജിവെച്ചു വീട്ടിൽ തിരിച്ചെത്തി.

ആ സമയത്ത് അദ്ദേഹം ഭയങ്കരമായി കുടിക്കുമായിരുന്നു എന്നാണ് പറഞ്ഞുകേട്ടിട്ടുള്ളത്.

ഒരു ദിവസം വീട്ടിൽ വന്ന അപ്പച്ചന്റെ പഴയൊരു കൂട്ടുകാരൻ എന്നോട് പേരെന്താണെന്ന് ചോദിച്ചു.

'ജോണി വാക്കർ' ഞാൻ പറഞ്ഞു.

ഇതുകേട്ട് അദ്ദേഹത്തിന് ചിരിയടക്കാനായില്ല. അപ്പച്ചൻ കൂടെ ചിരിച്ചു.

അമ്മയ്ക്കും എനിക്കും കാര്യമെന്താണെന്ന് പിടികിട്ടിയതുമില്ല.

അപ്പച്ചന്റെ അമിതമായ കുടി കണ്ടു പേടിച്ച അമ്മ, എന്നെ ഒരിക്കലും കുടിക്കാൻ അനുവദിച്ചിട്ടില്ല.

ചിലപ്പോളൊക്കെ അപ്പൻ എന്നെ ചേർത്തുനിർത്തി പറയും:

'നീ മാത്രമാണ് എന്റെ സമ്പാദ്യം'

ഞാൻ കൗമാരത്തിൽ നിന്ന് യൗവനത്തിലേക്ക് കടന്നു. കോളേജിൽ പഠിക്കുമ്പോഴാണ് ഞാൻ വീണ്ടും ആ വാക്കുകൾ കേൾക്കുന്നത്.

'ജോണി വാക്കർ'

ആദ്യം ഞാൻ വിചാരിച്ചത് ആരോ കളിയാക്കുകയാണെന്നാണ്. പതുക്കെ തിരിഞ്ഞു നോക്കിയപ്പോളാണ് കണ്ടത്; ക്ലാസ്മേറ്റ് ഡേവിഡ് ഡിസൂസ ആരോടൊ പറയുകയാണ് ജോണി വാക്കർ സൂപ്പറാണെന്ന്. അതുകേട്ട് മുൻവശത്തെ ബെഞ്ചിലിരുന്ന പെൺകുട്ടികൾ എന്നെയൊന്നു തിരിഞ്ഞുനോക്കി. അന്നാണ് എനിക്ക് സ്വന്തം പേരിനോടൊരു മതിപ്പ് തോന്നിയത്.

എന്നെ കണ്ടതും, ഡേവിഡ്, 'ഒരിക്കലും കുടിച്ചു തീർക്കാൻ പറ്റാത്ത ജോണിവാക്കർ അതാ' എന്നൊരു കമന്റ് പാസ്സാക്കി. എല്ലാവരും കൂട്ടച്ചിരിയായി. ഒരു ചെറിയ ജാള്യതയോടെ ഞാനും.

അങ്ങനെ കോളേജ് പഠിത്തം തീർന്നു. അമ്മാവൻ എനിക്കൊരു ജോലി ദുബായിൽ ശരിയാക്കിയിട്ടുണ്ടായിരുന്നു. ഞാൻ വളരെ സന്തോഷിച്ചു. അതിലധികമായി എന്റെ അപ്പനും.

ദുബായ് ജോലി എനിക്കിഷ്ടമായി. കൈനിറയെ പണവും കിട്ടിയിരുന്നു. അർബാബിന് എന്നെ വലിയ കാര്യമായിരുന്നു. അർബാബ് എന്ന് പറഞ്ഞാൽ അവിടെ മുതലാളി എന്നാണർത്ഥം.

അങ്ങനെയിരിക്കെ ഒരു ദിവസം അർബാബ് ഒരു പാർട്ടി വച്ചു. പാർട്ടിയിൽ വച്ച്, ജോണിവാക്കർ കുപ്പി തുറക്കുന്നതിനിടയിൽ, അദ്ദേഹം എന്നെ വിളിച്ചു അടുത്തു നിർത്തി തമാശയായി പറഞ്ഞു:

'ഇവനെ എനിക്ക് ഇഷ്ടപ്പെടാൻ കാരണം എന്താണെന്നറിയാമോ? ഇവന്റെ ഈ പേര് വിളിക്കുമ്പോൾ ഒരു കിക്ക് ആണ്'.

അത് കേട്ടപ്പോൾ തന്റെ പേരിനോടുള്ള ബഹുമാനം വീണ്ടും കൂടി. മാത്രമല്ല അപ്പച്ചനോടുള്ള ബഹുമാനവും.

അങ്ങനെ, നീണ്ട കാത്തിരുപ്പുകൾക്കുശേഷം ആദ്യത്തെ നാട്ടിൽ പോക്കുവന്നു. വിമാനത്താവളത്തിലെത്തി ബോർഡിംഗ് പാസ്സും വാങ്ങി, ഇമിഗ്രേഷനും കഴിഞ്ഞ് ഗേറ്റ് നോക്കി നടക്കുമ്പോഴാണ് അവിടെ, വശത്തായിട്ട് ഒരു ഡ്യൂട്ടി ഫ്രീ ഷോപ്പ് കണ്ടത്. ഞാൻ നോക്കി അന്തംവിട്ടു നിന്നു. പലതരത്തിലുള്ള ജോണിവാക്കർ കുപ്പികൾ! പച്ച, ചുവപ്പ്, കറുപ്പ്, നീല, ഗോൾഡൻ, സിൽവർ അങ്ങനെയങ്ങനെ. പല കുപ്പികളുടെയും വില എന്റെ കണ്ണു തള്ളിച്ചു. അപ്പന് ജോണിവാക്കറാണ് ഇഷ്ടം എന്നതിനാൽ ഞാൻ അതിൽ ഒരെണ്ണം മേടിക്കാൻ തീരുമാനിച്ചു. ദുബായിൽ എന്റെ കൂടെ വർക്ക് ചെയ്തിരുന്ന ബാബുചേട്ടൻ പറയുന്നത് കേട്ടിട്ടുണ്ട്, ജോണിവാക്കറിന്റെ കറുത്തകുപ്പി വലിയ കുഴപ്പമില്ല, സാധാരണക്കാർക്ക് താങ്ങാവുന്ന വിലയാണെന്ന്. ഞാൻ അതങ്ങ് മേടിച്ചു.

നാട്ടിൽ, അപ്പച്ചനും അമ്മച്ചിയും കൂടി എനിക്ക് പെൺകുട്ടിയെ തിരയുന്നുണ്ടായിരുന്നു. ഞാൻ വന്ന് കണ്ടിഷ്ടപ്പെട്ടാൽ കല്യാണം നടത്താമെന്നാണ് അമ്മച്ചി പറഞ്ഞിരുന്നത്.

അങ്ങനെ വീട്ടിലെത്തി. പെട്ടി തുറന്നപ്പോൾ തന്നെ ജോണി വാക്കറിന്റെ കുപ്പിയെടുത്ത് അപ്പച്ചന്റെ നേർക്ക് നീട്ടി. സന്തോഷവും അഭിമാനവും കൊണ്ട് അപ്പച്ചന്റെ കണ്ണുകൾ നിറഞ്ഞത് ഞാൻ കണ്ടു.

അമ്മച്ചി ചെറു പരിഹാസത്തോടെ അപ്പച്ചനെ നോക്കി പറഞ്ഞു:

'ഓ സന്തോഷമായിക്കാണുലെ'

അപ്പച്ചൻ ഒന്നും പറയാതെ, ലോകം മുഴുവൻ കീഴടക്കിയ സന്തോഷത്തോടെ റൂമിനു പുറത്തിറങ്ങി.

പിറ്റേദിവസം തന്നെ ഞാനും, അമ്മച്ചിയും, അപ്പച്ചനും കൂടി പെണ്ണുകാണാൻ പോയി. പെൺകുട്ടിയുടെ അപ്പച്ചൻ എന്നോട് ചോദിച്ചു:

'എന്താണ് മോന്റെ പേര്?'

'ജോണി വാക്കർ' ഞാൻ പറഞ്ഞു.

പെൺകുട്ടി വന്നപ്പോൾ അമ്മ ചോദിച്ചു:

'എന്താ മോൾടെ പേര്?'

"റെമി"

പേരുകേട്ടപ്പോൾ അപ്പച്ചൻ ചിരിച്ചുകൊണ്ട് പെണ്ണിന്റെ അപ്പനോട് ചോദിച്ചു:


'ബ്രാണ്ടിയാണ് താല്പര്യമല്ലേ?'

പെൺകുട്ടിയുടെ അപ്പച്ചൻ ചിരിച്ചുകൊണ്ട് ചോദിച്ചു:

'വിസ്കി ആണല്ലേ?' പൊരുത്തം ഉത്തമം.


അമ്മച്ചി അപ്പുറത്തിരുന്ന് പുലമ്പുന്നുണ്ടായിരുന്നു: 'മദ്യപാനം ആരോഗ്യത്തിന് ഹാനികരം'.


Michigan Malayalee - 2013
Weekend Buffet &
Banquet hall Available


Since
15 Years
National Groceries
Indian Cuisine
Catering & Carry out of your needs
33148 Ryan Road,
Sterling Heights, MI, 48120
Phone: 586-268-8225

# BOARD OF TRUSTEE


Mathew Cheruvil
*Chairman*


Paul P Kuriakose
*Vice Chairman*


Rojan Thomas
*Secretary*


Mohan Panangavil
*Current President*


Sajan George
*Ex-Officio*

# OFFICE BEARERS



Mohan Panangavil
*President*


Toms Mathew
*Vice President*


Sam Mathew
*General Secretary*


Tomy Moolan
*Joint Secretary*


Shibu Varghese
*Treasurer*


Thomas George
*Joint Treasurer*

# EXECUTIVE COMMITTEE


Abhilash Paul


Agith Ayyampilly


Amit Nair


Antony Manalel


Biju Joseph


Binu Mathew



Boby Thomas


Dinesh Lakshmanan


Diaz Thomas


George Vannilam


Gigi Paul


Joseph Mathew


Jules George Kalayil



Manoj Jaiji


Manoj K. Warrier


Mathew Cheruvil


Noble Thomas



Osborne David


Paul P. Kuriakose


Prashant Chandrasekar


Prince Abraham



Rajesh Nair



Rojan Thomas



Sajan George Elengikal


Sanju Koithara


Sreekumar Kambath


Sudarsana Kurup



Surendran Nair



Thomas Karthanal


Rajesh Kutty


Vinod Kondoor

## WOMENS FORUM


Smitha Abhilash
*President*


Julie Mathew
*Secretary*

CAN THE MONEY IN YOUR POCKET MAKE A DIFFERENCE FOR YOUR RETIREMENT?




You might be surprised. Small amounts invested regularly over time can have quite an impact, even on something as big as saving for retirement. A point we demonstrated by toppling the world's largest domino with one small enough to fit, well, in your pocket.

Make time work for you. I can show you how small steps now can make a difference for your future – by knocking some pretty big retirement goals down to size.

CONTACT ME TODAY AND LET'S GET STARTED.



Rachna Kumar
Financial Professional
Prudential Advisors
The Prudential Insurance Company of America
CA Insurance License #0M12494
101 West Big Beaver Road, Suite 705
Troy, MI 48084
Office: 248-688-3694
Cell: 248-835-2528
rachna.kumar@prudential.com

RETIREMENT | INVESTMENTS | INSURANCE

Prudential
Bring Your Challenges®

"Prudential Advisors" is a brand name of The Prudential Insurance Company of America and its subsidiaries. Life insurance is issued by The Prudential Insurance Company of America, Newark, NJ and its affiliates. Prudential, the Prudential logo, the Rock symbol and Bring Your Challenges are service marks of Prudential Financial, Inc., and its related entities, registered in many jurisdictions worldwide.
0296697-00001-00 D5803

NOW OPEN




. DINE – IN
. TAKE OUT
. CATERING
. PARTYHALL

HALAL

SERVING IN OVER 50 LOCATIONS ALL OVER U.S.A

COME AND TRY OUR WORLD'S FAMOUS AUTHENTIC DUM BIRYANI

PLEASE VISIT OUR LOCATIONS IN MI:

FARMINGTON HILLS
24305 Halsted RD,
Farmington Hills, 48335
248.385.3451

TROY
4880 Rochester RD
Troy 48085
248.509.4327

Email: info@paradisebiryanimi.com Website: Paradisebiryanimi.Com



DHWANI
JANUARY-APRIL 2018
ധ്വനി

# നാട്ടുവഴി

ശ്രീജിത്ത് ശ്രീകുമാർ

**വീ**ടിനു പുറകില്ലുള്ള കുന്നിന്മുകളിലേക്കു നീണ്ടു പോകുന്ന ആ പഴയ നാട്ടുവഴി സ്വപ്നം കണ്ടാണ് രാവിലെ ഉറക്കമുണർന്നത്. കഴിഞ്ഞ കുറേ ദിവസങ്ങളായി ജോലി സംബന്ധമായ തിരക്കുകൾ വളരെ കൂടുതലായിരുന്നു.

ഓഫീസിലേക്ക് ഡ്രൈവ് ചെയ്തുപോകുമ്പോൾ അമ്മയുടെ ഫോൺ വന്നു. 'എത്ര ദിവസമായി നീ ഒന്ന് വിളിച്ചിട്ട്... സുമിത്ര പറഞ്ഞു നീ എപ്പഴും യാത്രയിലാണെന്ന്.......'

ക്യാബിനിൽ കയറുമ്പോൾ എന്തോ ഒരു സുഖമില്ലായ്മ. നാട്ടിലേക്ക് പോയാലോ എന്നൊരു തോന്നൽ ശക്തമാവുന്നു. ഒരു ചെയ്ഞ്ച് ആവും.

നാട്ടിലേക്കുള്ള യാത്രകൾ എല്ലാം ഒരു പാക്കേജ് ടൂർ മാതിരി ആയിരിക്കുന്നു. യാത്രകളുടെ ഇടവേളകളും കൂടി. 56 ദിവസത്തെ പരിപാടികൾ മുൻകൂട്ടി തയ്യാറാക്കി ഒരു ഓട്ടം. കഴിഞ്ഞ പ്രാവശ്യം പോയി വന്നപ്പോൾ മകൻ പറഞ്ഞു. 'ഒരു ചടങ്ങു നിർവഹിക്കുന്ന മാതിരിയാണ് നമ്മുടെ നാട്ടിലേക്കുള്ള വെക്കേഷൻ. ഇത്ര സമയം ഒരാളെ കാണുന്നു, ഇത്ര സമയം ഇരിക്കുന്നു, ഇത്ര സമയം യാത്രയ്ക്ക്, എല്ലാം ഒരു ടൈംടേബിൾ പോലെ... ഇതു വളരെ ബോറിംഗ് ആണ്... ഇതിലും നല്ലതു പോകാതിരിക്കുന്നതാണ്...'

ഓഫീസിൽ പറഞ്ഞപ്പോൾ റാം അത്ഭുതപ്പെട്ടു. 'നാട്ടിലേക്കോ... ഈ സമയത്തോ?... അടുത്ത ആഴ്ച ഇൻവെസ്റ്റർമാരുമായി മീറ്റിംഗ് ഫിക്സ് ചെയ്തിട്ടുള്ളതല്ലേ... നെക്സ്റ്റ് ഇയറിലെ ബിസിനസ് ഡെവലപ്പ്മെന്റ് കിക്കോഫ് മീറ്റിംഗും നീ തന്നെയല്ലേ പ്ലാൻ ചെയ്തത്. പ്രസന്റേഷൻ സ്ലൈഡ്സും റെഡിയാക്കണ്ടേ...'

'അതെ റാം പക്ഷെ ഒരു ചെറിയ ബ്രേക്ക് വളരെ അത്യാവശ്യമാണ്... മനസ്സൊന്നു ഫ്രഷ് ആക്കണം... സ്ലൈഡ്സും മറ്റും ഞാൻ വർക്ക് ചെയ്യാം പക്ഷെ ഓഫീസിൽ ലീവ് ആണെന്ന് പറഞ്ഞാൽ മതി... ഇല്ലെങ്കിൽ ദിവസം മുഴുവൻ ഫോണിൽ തീരും...'

ഒരു പാർട്ണർ എന്നതിനെക്കാൾ ആത്മാർത്ഥ സുഹൃത്താണ് റാം.

'ശരി നീ 23 ദിവസത്തിൽ തിരിച്ചു വാ..' അല്പം നിരാശ പടർന്ന സ്വരത്തിൽ റാം പറഞ്ഞു.

'തീർച്ചയായും റാം... ഇതു നമ്മുടെ സ്വപ്നം അല്ലെ. കൂടാതെ ഇരുപത്തിനാല് മണിക്കുറും നമ്മൾ കണക്ടഡ് ആണല്ലോ.'

പുറത്തേക്കു നടക്കുമ്പോൾ ഒരു പുതിയ കാര്യം ചെയ്യാൻ പോകുന്ന ആവേശം.

സുമിത്രക്ക് ഫോൺ ചെയ്തപ്പോൾ അവളുടെ വാക്കുകളിൽ അത്ഭുതം. 'ഇതെന്താ പെട്ടന്ന്... രാവിലെ ഒന്നും പറഞ്ഞില്ലല്ലോ.. ആർക്കെങ്കിലും അസുഖമോ മറ്റോ?'

'അമ്മ വിളിച്ചിരുന്നു... കൂടാതെ ഒരു ചെറിയ ബ്രേക്ക് വേണം ഒന്ന് മനസ്സിന്നെ റിഫ്രെഷ് ആക്കാൻ. അടുത്ത ആഴ്ചയിലേക്ക് ബിസിനസ് പ്ലാനും ഇൻവെസ്റ്റർ പ്രെസെന്റേഷനും ഒന്ന് വർക്ക് ചെയ്യണം. വന്നിട്ട് പറയാം'.

'മാധവന്റെ ടേം എക്സാം നെക്സ്റ്റ് വീക്ക് തുടങ്ങും. രണ്ടു മൂന്നുദിവസത്തിനായി ഞങ്ങൾ വരേണ്ടല്ലോ? വെറുതെ അവന്റെ ക്ലാസ്സ് കളയണ്ട'.

ഫോൺ വെച്ചപ്പോൾ ചിന്തിച്ചു, അടുത്ത ബന്ധുക്കളെ കാണാനും സംസാരിക്കാനും വേണ്ട മിനിമം യോഗ്യത അവർ മരണാസന്ന നിലയിൽ ആയിരിക്കണം എന്നായി മാറിയിരിക്കുന്നു.

അമ്മയെ തിരിച്ചു വിളിച്ചപ്പോൾ അമ്മയ്ക്ക് നല്ല സന്തോഷം. ഒപ്പം മറ്റുള്ളവർ വരാത്തതിന്റെ ഒരു ചെറിയ നിരാശയും.

അമ്മയുടെ മുന്നൊരുക്കങ്ങൾ അപ്പോൾ ത്തന്നെ ആരംഭിച്ചു. എന്നോടും അച്ഛനോടും ഒരേ സമയം കാര്യങ്ങൾ അവതരിപ്പിക്കുന്നു. 'നോക്കു...സേതു നാളെ വരാത്രെ.. തേങ്ങ ഒരു നാലഞ്ചെണ്ണം പൊളിക്കണം... പച്ച മാങ്ങ കിട്ട്വോ ആവോ.. ഉപ്പും മുളകും തിരുമ്മി വെയ്ക്കാം. നിനക്കു നല്ല ഇഷ്ടം ആണല്ലോ.' പാവം സന്തോഷം കൊണ്ട് വാക്കുകൾ ഇടയ്ക്കു മുറിയുന്നു.

കൊല്ലത്തിൽ പത്തു പതിനഞ്ചു ദിവസം മക്കളോടോത്തും ബാക്കി ദിവസങ്ങൾ അവരുടെ ഓർമകളിലും പ്രതീക്ഷകളിലും ജീവിച്ചു തീർക്കാൻ വിധിക്കപ്പെട്ട ജന്മങ്ങൾ.

പിറ്റേന്നു വീട്ടിൽ എത്തുമ്പോൾ മണി പത്തായി. അതിരാവിലത്തെ ഫ്ളൈറ്റ് ആയതുകൊണ്ട് കൂടുതൽ ട്രാഫിക് ഉണ്ടായിരുന്നില്ല. കാറിൽ വന്നിറങ്ങുമ്പോൾ അച്ഛൻ ഉമ്മറത്ത് പേപ്പർ വായിച്ചിരിക്കുന്നു. 'ഇതെന്താഡാ നിന്റെ മുടിയൊക്കെ നരച്ചൂലോ? കുറേശ്ശെ വയറും വന്നിരിക്കുന്നു? നീ ആരോഗ്യം ഒന്നും ശ്രദ്ധിക്കുന്നില്ലേ?..'

ചിരിച്ചു കൊണ്ട് മറുപടി പറഞ്ഞു 'അച്ഛാ വയസ്സ് നാല്പതു കഴിഞ്ഞു.. അച്ചനിപ്പോഴും ഞാൻ പഴയ കുട്ടിയാണെന്നാ വിചാരം.'

'നിന്റെ മുറി വൃത്തിയാക്കിയിട്ടുണ്ട്.. പോയി കുപ്പായം മാറി വാ.. ഞാൻ ചായ എടുക്കാം...' അമ്മയുടെ വക.

തണുത്ത കിണറ്റു വെള്ളം ദേഹത്തു പതിച്ചപ്പോൾ ഒരു വല്ലാത്ത സുഖം. എന്തൊക്കയോ ശരീരത്തിൽ നിന്നും ഒഴുകിപ്പോയ മാതിരി. ഒരു തരം ശാന്തത മനസ്സിനെ പൊതിയുന്നു.

വിലകയറ്റം, ചൂട്, പണിക്ക് സഹായത്തിനാളെ കിട്ടായ്ക, നാട്ടുവർത്തമാനങ്ങളും അലസതയുമായി ദിവസം മുഴുവൻ വെറുതെയിരുന്നു.

ചിന്തിച്ചപ്പോൾ നല്ല രസം...എന്തെ ഇതൊന്നും എന്റെയും സുമിത്രയുടെയും സംഭാഷണവിഷയം ആവുന്നില്ല. അവിടത്തെ വിഷയങ്ങൾ ട്രാഫിക്, മകന്റെ സ്കൂൾ മാർക്ക്, പവർ പോയിന്റ് സ്ലൈടുകൾ, എക്സെൽ ഷീറ്റുകൾ. നമ്മുടെ ചുറ്റുപാടുകൾ നമ്മളെ ഒരുപാട് മാറ്റിമറിക്കുന്നു.

വീടിന്റെ പുറകിലായി ഒരു ചെറിയ കുന്നുണ്ട്. പണ്ട് വൈകുന്നേരങ്ങളിൽ കളിക്കാൻ പോയിരുന്ന സ്ഥലം. വൈകുന്നേരമായപ്പോൾ ഒരു തോന്നൽ കുന്നിൻമുകളിലേ


Ram Creations
Jewelry & Gifts
(248) 851-1400 | www.ramcreations.com | info@ramcreations.com
28974 Orchard Lake Rd, Farmington Hills, MI 48334


BEST
BRAINS
LEARNING CENTERS
Get Your Child Off To A
Smarter Start!
Real Classroom Teaching
Low student to teacher ratio
Common Core Curriculum
Helps achieve academic proficiency
Ages 3-14
$50 off
MENTION THIS AD FOR registration
New clients only. Limited time offer.
24261 Novi Road
Novi, MI 48375
www.bestbrains.com
248-329-0000


BALAJI
Pure veg. Pure fun
7209 N. Canton Center, Canton, MI - 48187
734-927-4111 info@balajirestaurant.net
Our Specialities
DOSAS
UTTAPPAM
SNACKS
CHINESE
RICE
ICE CREAMS
CHAATS
PAV BHAJI
IDLIS & WADAS
SOFT DRINKS
• Amazing South Indian Dishes
• Mouth Watering Street Food from Mumbai
• Authentic taste of Indian Delicacies
• Best recipes from India
• All the food is cooked with fresh ingredients & products
• Flavors in ice creams (Paan, Rose petal, Kulfi and Cassata our traditional Indian flavor)
• Nice, Friendly environment to try pure vegetarian food.
www.balajirestaurant.net

ക്കൊന്നു നടന്നിട്ട് വരാം.. പണ്ടത്തെ വഴി പറമ്പിന്റെ പുറകിലോടെയുള്ള ഒറ്റയടി പാതയായിരുന്നു.

ഇറങ്ങി നടന്നപ്പോൾ അച്ഛൻ ചോദിച്ചു 'എവിടേയ്ക്കാ...?'

'വെറുതെ ഒന്ന് കുന്നുംമ്പുറത്തു പോയി വരാം'

'കാറെടുത്തോ, ഇപ്പോ മുകളുവരെ പഞ്ചായത്ത് റോഡ് ഉണ്ടല്ലോ...'

'വേണ്ട ആ പഴയ ഇടവഴിയിലൂടെ പോകാം.'

'ടോർച്ചെടുത്തോ... തിരിച്ചു വരുമ്പോൾ ഇരുട്ടാവും... ആ വഴി ഇപ്പോ ആരും കാര്യായി ഉപോയിക്കാറില്ല.. എല്ലാവർക്കും ബൈക്കും കാറും മതി..നടക്കാനോക്കെ ആർക്കാ സമയം.'

നടന്നു തുടങ്ങിയപ്പോൾ നല്ല ഉന്മേഷം തോന്നി. ഒരുപാട് കാലം പിന്നോട്ട് പോയ മാതിരി. പണ്ടുപേക്ഷിച്ച അടയാളങ്ങൾ മാതിരി പുളിയും, മുത്തശ്ശി മാവും, ആൽമരവും തല ഉയർത്തി നില്ക്കുന്നു. കല്ലുപ്പും പുളിയും കൂട്ടി തിന്നും, മാങ്ങക്ക് കല്ലെറിഞ്ഞും, ആൽച്ചുവട്ടിൽ വിശ്രമിച്ചും എത്ര എത്ര ഒഴിവുകാലങ്ങൾ. തിരിഞ്ഞു നോക്കുമ്പോൾ ഓർമകളിലെവിടെയോ ഒരു നഷ്ടബോധം. ചിന്തകളിൽ മുഴുകി കുന്നിൻപുറത്തെത്തിയതറിഞ്ഞില്ല. പണ്ട് ഫുട്ബോളും, ക്രിക്കറ്റും കൊണ്ട് സജീവമായിരുന്ന കുന്നിൻപുറം ആരവങ്ങളില്ലാതെ ഒഴിഞ്ഞുകിടക്കുന്നു. കുട്ടികൾ കളികൾ സ്വന്തം മതിൽക്കെട്ടിനകത്തും, കമ്പ്യൂട്ടറിലും ഒതുക്കി എന്നു തോന്നുന്നു. ഒന്നു രണ്ടു പേർ ബൈക്കുകളിൽ വന്നു കാറ്റുകൊള്ളാനിരിക്കുന്നു. ഓർമകളുടെ മേഘക്കീറുകളുമായി ഞാനും ഒരൊഴിഞ്ഞ കോണിൽ സ്ഥാനം പിടിച്ചു. അസ്തമയസൂര്യൻ ചുവപ്പു പടർത്തിയ സന്ധ്യയിൽ ദൂരെ ഒരു തോടുപോലെ ഭാരതപ്പുഴ. മണൽപ്പപരപ്പിനാൽ സംരക്ഷിക്കപ്പെട്ട ആ വെള്ളികൊലുസണിഞ്ഞ സൗന്ദര്യം കയ്യേറ്റവും, മണലെടുപ്പും മൂലം വാർധക്യസഹജമായ ഒരു ശുഷ്കഭാവം പേറി ഒഴുകുന്നു. പല സന്ധ്യകളിലും എന്റെ സ്വപ്നങ്ങൾക്ക് കൂട്ടായി എന്നോടു സംവദിച്ച നിളേ മാപ്പ്... ഞാനുൾപ്പെടുന്ന ഈ മനുഷ്യകുലം നിനക്കു സമ്മാനിച്ചത് മുറിവുകൾ മാത്രം. സൗന്ദര്യം കുറച്ചു കുറഞ്ഞാലും ഈ കുന്നിൻപുറത്തെ സന്ധ്യകൾ എന്നും മനോഹരം തന്നെ. എന്താണാവോ കാണുന്നവരെ മോഹിപ്പിക്കുന്ന ആ സൗന്ദര്യത്തിന്റെ രഹസ്യം?

തിരിച്ചു വീട്ടിലെത്തുമ്പോൾ നേരം നന്നായി ഇരുട്ടിയിരുന്നു. അച്ഛനും, അമ്മയും മുറ്റത്തേയ്ക്ക് നോക്കി ഇരിക്കുന്നു. പിന്നിലെരിയുന്ന സന്ധ്യാദീപം ആ കാഴ്ചയുടെ മാറ്റു കൂട്ടി. ഒരിക്കൽ അച്ഛനോടു പറഞ്ഞു നമുക്കീ വീട് പൊളിച്ചു പണിയാം. വേണ്ട എന്നായിരുന്നു അച്ഛന്റെ ഉറച്ച മറുപടി. നീയും കുടുംബവും ഇവിടെ സ്ഥിരമായി താമസിക്കാൻ വരുന്ന സമയത്ത് ആലോചിക്കാം. ഞങ്ങൾക്കായി അങ്ങനെ ഒരു മാറ്റം വേണ്ട. ഞങ്ങൾ വരില്ല എന്ന് അച്ഛനുറപ്പായിരുന്നിരിക്കണം. പിന്നെ കൂടുതൽ നിർബന്ധിക്കാൻ പോയില്ല. ഇപ്പോൾ തോന്നുന്നു നന്നായി ആ തീരുമാനം എന്ന്.

'കുട്ട്യേ നിന്റെ ഫോൺ കുറേ നേരമായി ശബ്ദമുണ്ടാക്കുന്നു' അമ്മ പറഞ്ഞു.

സുമിത്ര, ഓഫീസ് എല്ലാവരും വിളിച്ചിരിക്കുന്നു.

വിട്ടിൽ അമ്മയും മകനും തമ്മിൽ എക്സാം സമയത്ത് ടി.വി കാണുന്നതിന്നെ ചൊല്ലിയുള്ള തർക്കം ഒരുവിധം പരിഹരിച്ചു.


ആദ്യ റിങ്ങിൽ തന്നെ റാം ഫോൺ എടുത്തു. 'നീ എവിടെയായിരുന്നു? ഞാൻ കുറേ നേരമായി ശ്രമിക്കുന്നു. നമ്മുടെ പ്രസന്റേഷനു വേണ്ട ബാക്കിയുള്ള ഇൻഫർമേഷൻ കൂടി ഞാൻ അയച്ചിട്ടുണ്ട്. അതൊന്നു റിവ്യൂ ചെയ്ത് ആവശ്യമുള്ളത് പ്രസന്റേഷനിൽ ചേർക്കണം.' പിന്നെ മറ്റു ഓഫിസ് കാര്യങ്ങളും.

ലോകത്തെവിടെ ആയിരുന്നാലും ദിവസത്തിൽ ഒരു പ്രവശ്യമെങ്കിലും റാം വിളിക്കും. ഒന്നിച്ചു ജോലി ചെയ്തിരുന്ന സമയം മുതൽ സ്വന്തം കമ്പനി തുടങ്ങിയിട്ടും മാറ്റമില്ലാത്ത ഒരു ശീലം. 'ചുറ്റുപാടുകളും, സാഹചര്യങ്ങളും ഒരുപാട് മാറിയിട്ടും നീ ഇപ്പോളും നിന്റെ നാട്ടുവഴികളിൽ ചിലപ്പോഴൊക്കെ യാത്ര ചെയുന്നു അവിടെ നിനക്ക് ഒറ്റക്ക് സഞ്ചരിക്കാനാണ് കൂടുതൽ ഇഷ്ടം' ഇടയ്ക്കൊക്കെ കേൾക്കാറുള്ള സ്നേഹം കലർന്ന വാക്കുകൾ. ഒന്ന് രണ്ടു പെ




Tuffy
Tire & Auto Service
DONE RIGHT. PERIOD.
COMPLETE AUTOMOTIVE REPAIR SPECIALISTS
ALL MAKES & MODELS • FOREIGN & DOMESTIC
Air Conditioning • Brakes • Exhaust • General Maintenance
Heating & Cooling • Oil Changes • Preventive Maintenance
Shocks & Struts • Starting & Charging • Tires • And More!
Brake & Exhaust Inspections Are Always FREE!
Only Tuffy® offers a year of FREE roadside assistance on every purchase and a 1-year/12,000-mile guarantee on parts and labor for qualifying purchases.
Our work will be — DONE RIGHT. PERIOD. We like to call it ToYourRESCUE™
See store for details.
Number #1 Dealer in the Entire Tuffy System Six out of the Last Ten Years and Dealer of the Year Seven Times!
Walled Lake
248-624-4440
784 N. Pontiac Trail – At Maple Rd.
Mon.-Fri. 7:30am-7:00pm • Sat. 7:30am-5:00pm
www.AutoRepairWalledLake.com
Tuffywl@yahoo.com
Mention This Ad And Get:
10% OFF*
ANY SERVICE PERFORMED


O'BRIEN SULLIVAN
FUNERALS, CREMATIONS
Celebrating Lives,
Honoring Memories
Since 1898
Proud to be part
of this great community
www.obriensullivanfuneralhome.com
248-348-1800
41555 Grand River Ave Novi, MI 48375


Tightening your belt?
Call me to save on your auto insurance.
Nicholas Pallas
Insurance Sales Agent
Phone: 734-453-2100
Someone you can count on.™
AAA
AAA Michigan
Insurance underwritten by Auto Club Insurance Association family of companies.

ഗ് ഉള്ളിൽ ചെന്നാൽ റാം കൂടുതൽ വാചാലനാകും കേരളത്തിനു പുറത്തു ജനിച്ചതിന്റെ നേട്ടങ്ങളും നഷ്ടങ്ങളും തുടങ്ങി ഒരുപാട് വിഷയങ്ങളിൽ ഞങ്ങൾ നേരം വെളുപ്പിച്ചിട്ടുണ്ട്. എങ്ങുനിന്നോ വന്നു ജീവിതത്തിന്റെ ഒരു ഭാഗമായിരിക്കുന്നു റാമും കുടുംബവും. ഓഫീസ് ആവശ്യങ്ങൾക്ക് വീട് വിട്ടു യാത്ര ചെയ്യുമ്പോൾ പരസ്പരം ഒരു വലിയ സഹായവും.

ഫോൺവിളികൾ തീർന്നപ്പോഴേക്കും ഒരു മണിക്കൂറിൽ കൂടുതൽ ആയി. അത്രയും നേരം അച്ഛൻ ഉമ്മറത്തുണ്ടായിരുന്നു. 'എത്ര നേരാ നീ ഫോണിൽ ഒരു ദിവസം സംസാരിക്കുന്നത്? തല വേദനിക്കില്ലേ? നിന്റെ വീട്ടിൽ വന്നപ്പോഴും ഇതേ അവസ്ഥ.' ആളുകളെ തിരിച്ചറിയാൻ എനിക്കിപ്പോൾ മുഖങ്ങളേക്കാൾ കൂടുതൽ ശബ്ദങ്ങൾ കേട്ടാൽ കഴിയും എന്നു പറയാൻ തോന്നി. എന്തോ മിണ്ടാതെ നിന്നു.

'വെട്ടിപ്പിടിച്ചു മുന്നേറൽ മാത്രമല്ല ഇടക്കൊക്കെ ജീവിച്ചു തീർക്കാനും കൂടിയുള്ളതാണ് ജീവിതം' ആത്മഗതം മാതിരി അച്ഛൻ പറഞ്ഞു.

അത്താഴം കഴിഞ്ഞ് വെറുതെ മുറ്റത്ത് നിലവും ആസ്വദിച്ച് കുറച്ചു നേരം നടന്നു.

അടുത്ത ദിവസം മുഴുവനും പ്രസന്റേഷനും, ഇമെയിൽ മറുപടികളും, അലസതയുമായ് തീർത്തു. വൈകുന്നേരം റാമിന് പ്രസന്റേഷൻ ഇമെയിൽ അയച്ചു കൊടുത്തു. കുറച്ചു കഴിഞ്ഞപ്പോഴേക്കും മറുപടി വന്നു. പ്രസന്റേഷൻ എനിക്ക് വളരെ ഇഷ്ടമായി. ഇതു കണ്ടു ഞാൻ ആകെ ചാർജ് അപ്പ് ആയിരിക്കുന്നു. നീ വേഗം വരണം. നമുക്കിനിയും ഒരുപാട് മുന്നോട്ടു പോകാനുണ്ട്. 'തീർച്ചയായും', എന്നു മാത്രം മറുപടി കൊടുത്തു.

'അമ്മേ... ഒരു ചായ..' അന്നത്തെ പേപ്പർ വായിച്ചിരിക്കുമ്പോൾ അമ്മ ചായയും കൊണ്ടുവന്നു. 'രാവിലെ മുതൽ യന്ത്രമനുഷ്യന്റെ മാതിരി നീ ഈ കുന്തത്തിന്റെ മുമ്പിലാ.. പിന്നെ ഫോണും.. നിനക്കു മടുക്കില്ലേ ഇങ്ങനെ എപ്പഴും ഇതു നോക്കിയിരിക്കാൻ.. പണ്ടൊക്കെ വിട്ടിലെ ആവശ്യത്തിനു പോലും നിന്നെ കിട്ടില്ലായിരുന്നു.'

അമ്മയുടെ പ്രയോഗം കേട്ടു ചിരി വന്നു.. 'യന്ത്രമനുഷ്യൻ'. അതെ മെല്ലെ മെല്ലെ ഒരു സ്പന്ദിക്കുന്ന യന്ത്രമനുഷ്യനായി മാറിയിരിക്കുന്നു. സ്വന്തം ചിന്തകളല്ല മറിച്ച് ചുറ്റുപാടുകളനുസരിച്ചാണ് ഞാൻ ചലിക്കുന്നത്.

